2023
AUGUST
28
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# ജി20 ഉച്ചകോടി: 160 ആഭ്യന്തര സർവീസുകൾ റദ്ദാക്കും



© Melvin Debono

**ന്യൂഡൽഹി:** ജി20 ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ ഡൽഹി വിമാനത്താവളത്തിലെ 160 ആഭ്യന്തര സർവീസുകൾ റദ്ദാക്കും. സെപ്റ്റംബർ 8 മുതൽ 10 വരെ ഡൽഹിയിൽനിന്ന് പുറപ്പെടേണ്ട 80 വിമാനങ്ങളും, ഇവിടേക്ക് എത്തിച്ചേരേണ്ട 80 വിമാനങ്ങളും റദ്ദാക്കാൻ വിവിധ എയർലൈൻ കമ്പനികൾ അഭ്യർഥിച്ചതായി അധികൃതർ വ്യക്തമാക്കി. ഉച്ചകോടിയോടനുബന്ധിച്ച് നഗരത്തിൽ ഗതാഗത നിയന്ത്രണമുണ്ടാകുമെന്ന് പൊലീസ് അറിയിച്ചിരുന്നു.

അതേസമയം, റദ്ദാക്കുന്ന 160 വിമാനങ്ങൾ, ഡൽഹി വിമാനത്താവളത്തിലെ സാധാരണ സർവീസുകളുടെ 6 ശതമാനം മാത്രമേ വരികയുള്ളൂവെന്ന് അധികൃതർ പറഞ്ഞു. വിമാനത്താവളത്തിൽ പാർക്കിങ്ങിന്റെ പ്രശ്നമില്ലെന്നും രാജ്യാന്തര വിമാന സർവീസുകളെ ഉച്ചകോടി ബാധിക്കില്ലെന്നും അവർ കൂട്ടിച്ചേർത്തു.

ജി20 രാജ്യങ്ങളുടെ സമ്മേളനത്തിനു മുന്നോടിയായി രാജ്യ തലസ്ഥാനത്ത് വൻ സുരക്ഷാ സന്നാഹമാണ് ഒരുക്കുന്നത്.

നേരത്തെ, സമ്മേളന ദിവസങ്ങളിൽ ഗതാഗത നിയന്ത്രണമുണ്ടാകുമെന്നും വിമാനത്താവളത്തിൽ എത്തേണ്ടവർ ഡൽഹി മെട്രോയുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും പൊലീസ് അറിയിച്ചിരുന്നു. ഡൽഹിയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലെല്ലാം സേനാവിന്യാസം ശക്തിപ്പെടുത്തിയിട്ടുണ്ട്. സെപ്റ്റംബർ 9, 10 തീയതികളിലാണ് ഡൽഹിയിൽ ജി20 ഉച്ചകോടി നടക്കുന്നത്.




## ചരിത്രം കുറിച്ച് നീരജ്; ലോക അത്‌ലറ്റിക്സ് ചാംപ്യൻഷിപ്പിൽ രാജ്യത്തിന് ആദ്യ സ്വർണ മെഡൽ

**ബുഡാപെസ്റ്റ്:** ഇന്ത്യൻ കായിക ചരിത്രത്തിൽ സുവർണ ചരിത്രമെഴുതി ലോക അത്‌ലറ്റിക്സ് പുരുഷ ജാവലിൻത്രോയിൽ നീരജ് ചോപ്രയ്ക്കു സ്വർണം. ഫൈനലിലെ രണ്ടാം ത്രോയിൽ 88.17 മീറ്റർ പിന്നിട്ടാണ് നീരജ് സ്വർണത്തിലെത്തിയത്. ലോക അത്‌ലറ്റിക്സ് ചാംപ്യൻഷിപ്പിൽ സ്വർണം നേടുന്ന ആദ്യ ഇന്ത്യക്കാരനാണ് നീരജ്.

ഫൈനലിലെ മറ്റു ഇന്ത്യൻ താരങ്ങളായ കിഷോർ കുമാർ ജന 5ാം സ്ഥാനത്തും (84.77 മീറ്റർ) ഡി.പി.മനു (84.14 മീറ്റർ) 6 ാം സ്ഥാനത്തുമെത്തി. പാക്കിസ്ഥാന്റെ അർഷാദ് നദീമിനാണ് വെള്ളി (87.82 മീറ്റർ). ചെക്ക് റിപ്പബ്ലിക്കിന്റെ യാക്കൂബ് വാൽഡെജ് വെങ്കലം നേടി (86.67 മീറ്റർ). കഴിഞ്ഞ വർഷത്തെ വെള്ളി മെഡൽ നേട്ടം മെച്ചപ്പെടുത്തിയാണ് നീരജിന്റെ സുവർണ പ്രകടനം.

ഒരേസമയം ഒളിംപിക് സ്വർണവും ലോകചാംപ്യൻഷിപ് സ്വർണവും കൈവശം വയ്ക്കുന്ന മൂന്നാമത്തെ ജാവലിൻത്രോ താരമെന്ന നേട്ടവും നീരജ് സ്വന്തമാക്കി. അതേസമയം പുരുഷ റിലേ ഫൈനലിൽ ഇന്ത്യ അഞ്ചാം സ്ഥാനത്തായി. രണ്ട് മിനിറ്റ് 59.92 സെക്കൻ!!ഡിലാണ് ഇന്ത്യ ഫിനിഷ് ചെയ്തത്. 57.31 സെക്കൻഡിൽ ഫിനിഷ് ചെയ്ത് യുഎസ് റിലേയിൽ സ്വർണം നേടി. ഫ്രാൻസിനാണു വെള്ളി.

## ഹിൻഡെൻബെർഗ് അദാനി വിവാദം: സെബി റിപ്പോർട്ട് സമർപ്പിച്ചു

**ന്യൂഡൽഹി**: അദാനി ഗ്രൂപ്പിനെതിരായ 2 ആരോപണങ്ങളിലൊഴികെ മറ്റെല്ലാ കാര്യങ്ങളിലും അന്വേഷണം പൂർത്തിയായെന്നും കമ്പനിയിൽ നിക്ഷേപം നടത്തിയിട്ടുള്ള യഥാർഥ വിദേശ നിക്ഷേപകരെക്കുറിച്ചുള്ള വിവരങ്ങൾ 5 രാജ്യങ്ങളിൽ നിന്നു ലഭിക്കാനുണ്ടെന്നും സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) സുപ്രീം കോടതിയെ അറിയിച്ചു. ഹിൻഡൻബർഗ് റിപ്പോർട്ടിനെക്കുറിച്ചുള്ള അന്വേഷണവുമായി ബന്ധപ്പെട്ട തൽസ്ഥിതി റിപ്പോർട്ടിലാണു സെബി ഇക്കാര്യം അറിയിച്ചത്.

തങ്ങൾ അന്വേഷിക്കുന്ന 24 കാര്യങ്ങളിൽ 22 എണ്ണത്തിലും അന്വേഷണം പൂർത്തിയായെന്നു റിപ്പോർട്ടിൽ പറയുന്നു. അതേസമയം കണ്ടെത്തൽ എന്താണെന്നു വ്യക്തമാക്കിയിട്ടില്ല. അന്വേഷണത്തിന്റെ ഫലം അടിസ്ഥാനമാക്കി സെബി ഉചിതമായ നടപടി സ്വീകരിക്കും തൽസ്ഥിതി റിപ്പോർട്ടിൽ പറയുന്നു.

സ്റ്റോക്ക് വിലയിൽ കൃത്രിമം കാണിച്ചു, ഇടപാടുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതിൽ പരാജയപ്പെട്ടു, ഇൻസൈഡർ ട്രേഡിങ് ചട്ടങ്ങൾ ലംഘിച്ചു തുടങ്ങിയ ആരോപണങ്ങളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്. എന്നാൽ, വിദേശത്തെ കടലാസ് കമ്പനികൾ വഴി നിക്ഷേപം നടത്തിയതുമായി ബന്ധപ്പെട്ട കാര്യത്തിലാണു കൂടുതൽ വിവരങ്ങൾ ലഭിക്കാനുള്ളത്. 13 വിദേശ സ്ഥാപനങ്ങളുടെ വിവരങ്ങൾ പരിശോധിച്ചു. ഭൂരിഭാഗവും നികുതി ഇളവു ലഭിക്കുന്ന വിദേശരാജ്യങ്ങളിൽ നിന്നുള്ളതാണ്. 5 വിദേശ രാജ്യങ്ങളിൽ നിന്നു വിവരം നേടാനുള്ള ശ്രമം തുടരുകയാണ്. അന്വേഷണം പൂർത്തിയാക്കാൻ 15 ദിവസത്തെ കൂടി സെബി ഈ മാസം 14ന് സുപ്രീം കോടതിയിൽ തേടിയിരുന്നു.

## ഇന്ത്യയുടെ അധ്യക്ഷതയിൽ ജി20 കൂടുതൽ വിശാലമായി; ചരിത്രത്തിലെ ഏറ്റവും വലിയ സമ്മേളനം

**ന്യൂഡൽഹി:** ജി20 ഉച്ചകോടിയുടെ അധ്യക്ഷത ഇന്ത്യയ്ക്ക് വന്നതോടെ സംഘടന കൂടുതൽ വിശാലമായെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജി20 നേതാക്കളുടെ സമ്മേളത്തിന് ഇന്ത്യ പൂർണ സജ്ജമായി കഴിഞ്ഞു. നാൽപതോളം രാജ്യങ്ങളിലെ പ്രധാന നേതാക്കളും രാജ്യാന്തര സംഘടനകളുടെ പ്രതിനിധികളും പങ്കെടുക്കും. ജനപങ്കാളിത്തം കൊണ്ട് ഇന്ത്യയിലെ ജി20 സമ്മേളനങ്ങൾ ശ്രദ്ധേയമാവുകയാണ്. ജി20 ഉച്ചകോടിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ !സമ്മേളനമാകും ഇത്തവണത്തേതെന്നും പ്രധാനമന്ത്രി പറഞ്ഞു. പ്രതിമാസ പരിപാടിയായ മൻ കി ബാത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്ത്രീ ശക്തിയുടെ ജീവിച്ചിരിക്കുന്ന ഉദാഹരണമാണ് ചന്ദ്രയാൻ 3 എന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ പെൺമക്കൾ കൂടി ചേരുമ്പോൾ ആർക്കാണ് വികസനത്തെ തടയാനാവുകയെന്നും മോദി പറഞ്ഞു. ചന്ദ്രയാൻ ദൗത്യം പുതിയ ഇന്ത്യയുടെ അടയാളമായി മാറിയെന്നും ഏതു സാഹചര്യത്തിലും എങ്ങനെ വിജയിക്കാമെന്ന് അതു കാണിച്ചു തരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.





# മത്സ്യത്തൊഴിലാളികളുടെ സുരക്ഷ നഭ്മിത്ര വിജയകരമായി പരീക്ഷിച്ചു

**കൊല്ലം:** മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി വികസിപ്പിച്ച നഭ്മിത്ര നീണ്ടകരയിൽ വിജയകരമായി പരീക്ഷിച്ചു. ഉൾക്കടലിലുള്ള മത്സ്യബന്ധന യാനങ്ങളിലെ തൊഴിലാളികൾക്ക് കരയിലേക്കും തിരിച്ചും ലഘുസന്ദേശങ്ങളിലൂടെ ആശയവിനിമയം സാധ്യമാക്കുകയും മുന്നറിയിപ്പുകൾ ലഭ്യമാക്കുകയും ചെയ്യുന്ന സാറ്റലൈറ്റ് അധിഷ്ഠിത ആശയവിനിമയ സംവിധാനമാണ് നഭ്മിത്ര ട്രാൻസ്പോണ്ടർ. ജി സാറ്റ് 6 നെ ആശ്രയിച്ച് പ്രവർത്തിക്കുന്ന ഈ ഉപകരണം രൂപകൽപന ചെയ്ത് നിർമിച്ചത് അഹമ്മദാബാദിലെ ഐഎസ്ആർഒ. സ്പേസ് ആപ്ലിക്കേഷൻസ് സെന്ററാണ്.

കാലാവസ്ഥാ ചുഴലിക്കാറ്റ് മുന്നറിയിപ്പുകൾ അലാം ആയി പ്രാദേശിക ഭാഷയിൽ ടെക്സ്റ്റ് മെസേജ് ആയും ഉൾക്കടലിലുള്ള യാനങ്ങളിൽ ലഭിക്കും.

ബോട്ടുകൾ മുങ്ങുക, തീപിടിത്തം ഉണ്ടാകുക തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ ഉപകരണത്തിലെ ബട്ടൺ അമർത്തിയാൽ കൺട്രോൾ സെന്ററിൽ ബോട്ടിന്റെ ലൊക്കേഷൻ ഉൾപ്പെടെയുള്ള വിവരം ലഭിക്കുകയും കൺട്രോൾ സെന്ററിൽ നിന്നുള്ള മറുപടി സന്ദേശം ബോട്ടിലെ തൊഴിലാളികൾക്ക് ലഭിക്കുകയും ചെയ്യും. കൂടാതെ കപ്പൽച്ചാലുകൾ, രാജ്യാന്തര സമുദ്ര അതിർത്തി എന്നിവ സംബന്ധിച്ച മുന്നറിയിപ്പുകളും ഉപകരണം ലഭ്യമാക്കും. മത്സ്യലഭ്യതയുള്ള ഭാഗങ്ങളും ഉപകരണം മുഖേന അറിയാൻ സാധിക്കും.

നീണ്ടകരയിൽ മത്സ്യബന്ധനയാനത്തിൽ ഉപകരണം ഘടിപ്പിച്ച് പരീക്ഷണം നടത്തി.

പരീക്ഷണം വിജയകരമായിരുന്നുവെന്ന് ഐഎസ്ആർഒ ശാസ്ത്രജ്ഞർ വ്യക്തമാക്കി. ന്യൂസ്പേസ് ഇന്ത്യ ലിമിറ്റഡ് ഉദ്യോഗസ്ഥർ, ഫിഷറീസ് സർവേ ഓഫ് ഇന്ത്യ ഉദ്യോഗസ്ഥർ, സംസ്ഥാന ഫിഷറീസ് ജോയിന്റ് ഡയറക്ടർമാരായ എം.താജുദ്ദീൻ, എസ്.സ്മിത, ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ സോഫിയ മാർഗരറ്റ്, മറൈൻ എൻഫോഴ്സ്മെന്റ് പൊലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു പരീക്ഷണം.

# കാലാവസ്ഥാ മാറ്റം, അപ്പർ!കുട്ടനാട്ടിൽ ജലാശയങ്ങളിലെ ജലനിരപ്പു താഴ്ന്നു

**മാന്നാർ:** ചുടേറി അപ്പർ!കുട്ടനാടൻ മേഖലയിലെ ജലാശയങ്ങളിലെ ജലനിരപ്പു താഴ്ന്നു തുടങ്ങി. അപ്പർ കുട്ടനാട്ടിലൂടെ ഒഴുകുന്ന അച്ചൻകോവിലാറ്, പമ്പാനദി, കുട്ടംപേരൂർ ആറ്, ചെന്നിത്തല പുത്തനാറ്, വലുതും ചെറുതുമായി കൈവഴികളും തോടും കുളങ്ങളിലെയും ജലമാണ് ഒരാഴ്ച കൊണ്ടു രണ്ടിയിലേറെ വറ്റിയത്. ജലനിരപ്പു കാര്യമായി താഴ്ന്നതു കാരണം കിണറുകളിലെയും വെള്ളത്തിനും കുറവ് അനുഭവപ്പെട്ടിട്ടുണ്ട്.



താപനിലയിലുണ്ടായ കാര്യമായ മാറ്റം കാരണം പകൽ മുഴുവൻ അസഹനീയമായ ചൂടാണ് അനുഭവപ്പെടുന്നത്.ഇതു തന്നെയാണ് ജലനിരപ്പു താഴാനുള്ള കാരണവും. ഓണത്തിനു ശേഷം പാടശേഖരങ്ങൾ അടുത്ത സീസനിലേക്കുള്ള കൃഷിയിറക്കുന്നതിനായിട്ടുള്ള നിലമൊരുക്കൽ തുടങ്ങും. അതിനു മുന്നോടിയായി പമ്പിങ് നടപടികൾ ആരംഭിക്കേണ്ടതുണ്ട്. ഈ സ്ഥിതി തുടർന്നാണ് പമ്പിങ്ങിന്റെ ആവശ്യം വരില്ലെന്ന് കർഷകർ മുൻകൂട്ടി പറഞ്ഞു കഴിഞ്ഞു.

മൂന്നു നദികൾ താണ്ടിയാണ് ചെന്നിത്തല പള്ളിയോടം 1ന് ആറന്മുളയ്ക്കു പോകുന്നത്. അച്ചൻകോവിൽ ആറിൽ തുടങ്ങി കുട്ടംപേരൂർ പമ്പാനദി വഴിയാണ് ആറന്മുളയിലെത്തുന്നത്. എന്നാൽ കുട്ടംപേരൂർ ആറിന്റെ വിവിധ ഭാഗങ്ങളിലെ വെള്ളക്കുറവ് പള്ളിയോട യാത്രയ്ക്കു തടസമുണ്ടാകാൻ സാധ്യതയേറെയാണ്.

എണ്ണയ്ക്കാട് പാലത്തിനു തെക്കു വശം, മഠത്തിൽ കടവ് പഴയ പാലത്തിനു സമീപവും ആറു വറ്റി കിടക്കുന്നതായി കാണാം. ഇവിടെ പള്ളിയോടത്തിനു കടന്നു പോകാൻ കഴിയാത്ത വിധം ജലനിരപ്പു താഴ്ന്നിട്ടുണ്ട്. മറ്റുള്ള സ്ഥലങ്ങളിലെ സ്ഥിതിയും ഇതിനു സമാനമാണ്.ചൂടിന്റെ കാഠിന്യം ഇനിയും ഉയർന്നാൽ സ്ഥിതിയാകെ മാറാൻ സാധ്യതയേറെയാണെന്നാശങ്കയും ജനത്തിനുണ്ട്.

## നെല്ല് സംഭരണ കുടിശിക വിതരണം ഉടൻ പൂർത്തിയാക്കും : മന്ത്രി

**തിരുവനന്തപുരം:** 202223 സീസണിൽ സപ്ലൈകോ 7.31 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചതായി ഭക്ഷ്യമന്ത്രി ജി. ആർ. അനിൽ അറിയിച്ചു. നെല്ല് സംഭരണ കുടിശിക വിതരണം വേഗം പൂർത്തിയാക്കും.

കർഷകർക്ക് നൽകാനുള്ള 2070.71 കോടി രൂപയിൽ 738 കോടി സപ്ലൈകോ നേരിട്ട് കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി. 200 കോടി രൂപ കേരള ബാങ്ക് വഴിയും 700 കോടി വിവിധ ബാങ്കുകളുടെ കൺസോർഷ്യം വഴി പി.ആർ.എസ് ലോണായും നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും കിട്ടിയ 180 കോടി രൂപയിൽ 72 കോടി രൂപ 50000 രൂപയിൽ താഴെ കുടിശികയുണ്ടായിരുന്ന 26,548 കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്തു. അൻപതിനായിരം രൂപയ്ക്ക് മുകളിൽ കുടിശിക നൽകാനുണ്ടായിരുന്ന 27,791 കർഷകരുടെ കുടിശിക തുകയിൽ 7.80 രൂപ നിരക്കിൽ സംസ്ഥാന പ്രോത്സാഹന ബോണസ്, 12 പൈസ നിരക്കിൽ കൈകാര്യ ചിലവ് എന്നിവ ഉൾപ്പെടെ കിലോയ്ക്ക് 7.92 രൂപ നിരക്കിലുള്ള തുക കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകിക്കഴിഞ്ഞു.

ഇതിന് ശേഷം കിലോയ്ക്ക് 20.40 രൂപ നിരക്കിലുള്ള കുടിശിക തുക സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവ വഴി പി.ആർ.എസ് ലോണായി നൽകുന്ന നടപടി ആഗസ്റ്റ് 24ന് ആരംഭിച്ചു. ഇതുവരെ ആകെ 3795 കർഷകർക്ക് 35.45 കോടി രൂപ പി.ആർ.എസ് ലോണായി വിതരണം ചെയ്തു.

## കണ്ടന്റ് എഡിറ്റർ ഒഴിവിലേക്ക് അപേക്ഷിക്കാം

**ഇടുക്കി:** ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് നടപ്പാക്കുന്ന പ്രിസം പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ ഒഴിവുള്ള കണ്ടന്റ് എഡിറ്റർ തസ്തികയിലേക്ക് സെപ്റ്റംബർ അഞ്ച് വരെ അപേക്ഷിക്കാം. ഏതെങ്കിലും വിഷയത്തിലുള്ള അംഗീകൃത സർവകലാശാല ബിരുദവും വീഡിയോ എഡിറ്റിംഗിലും കണ്ടന്റ് എഡിറ്റിംഗിലുമുള്ള പ്രാവീണ്യവുമാണ് യോഗ്യത. വീഡിയോ എഡിറ്റിംഗിൽ പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും. പ്രായം 2023 ആഗസ്റ്റ് ഒന്നിന് 35 വയസ്സ് കവിയരുത്. പ്രതിഫലം 17,940 രൂപ. 2024 മാർച്ച് വരെയായിരിക്കും കാലാവധി.

ജില്ലാ അടിസ്ഥാനത്തിൽ നടത്തുന്ന എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, തിരിച്ചറിയൽ രേഖ, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതമുള്ള അപേക്ഷ ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഇടുക്കി, സിവിൽസ്റ്റേഷൻ, കുയിലിമല, പിൻ 685603 എന്ന വിലാസത്തിൽ സമർപ്പിക്കണം. അവസാന തീയതി സെപ്റ്റംബർ അഞ്ച് വൈകിട്ട് അഞ്ച് മണി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04862 233036.

## ഓണസമൃദ്ധി പഴംപച്ചക്കറി വിപണിയ്ക്ക് തുടക്കമായി

**ഇടുക്കി:** ഓണസമൃദ്ധി 2023 ന്റെ ഭാഗമായി നാടൻ പഴംപച്ചക്കറി വിപണിയ്ക്ക് കുമളി ഗ്രാമപഞ്ചായത്തിൽ തുടക്കമായി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രജനി ബിജു ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കെ.എം സിദ്ദിഖ് അധ്യക്ഷത വഹിച്ചു.

ഓണ വിപണിയിലെ സർക്കാർ ഇടപെടലിന്റെ ഭാഗമായി കുമളി ഗ്രാമപഞ്ചായത്ത് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വി.എഫ്.പി.സി.കെ, ഹോർട്ടി കോർപ്, കർഷക കൂട്ടായ്മ എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിലാണ് അട്ടപ്പള്ളം പൊതുമാർക്കറ്റിൽ ഓണ സമൃദ്ധിയ്ക്ക് തുടക്കം കുറിച്ചത്. ആഗസ്റ്റ് 28 വരെ വിപണി പ്രവർത്തിക്കും.

ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ നോളി ജോസഫ്, ഗ്രാമപഞ്ചായത്ത് അംഗം ശാന്തി ഷാജിമോൻ, കൃഷി ഓഫീസർ ബിനുമോൻ കെ.കെ., കൃഷി ഭവൻ ഉദ്യോഗസ്ഥരായ യൂനിസ് പി കെ, ബിജോയി കെ. ഐ, റീന തോമസ്, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, കാർഷിക കർമ്മസേന അംഗങ്ങൾ, കാർഷിക വികസന സമിതി അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

## അടിമാലിയിൽ ഓണച്ചന്ത ആരംഭിച്ചു

**അടിമാലി:** കൃഷിഭവന്റെ നേതൃത്വത്തിൽ ഓണച്ചന്തക്ക് തുടക്കമായി. അടിമാലി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് സമീപത്ത് ആരംഭിച്ച ഓണച്ചന്തയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൗമ്യ അനിൽ നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അനസ് ഇബ്രാഹിം അധ്യക്ഷത വഹിച്ചു. ആഗസ്റ്റ് 28 വരെയാണ് ഓണച്ചന്ത പ്രവർത്തിക്കുക. കർഷകരിൽ നിന്ന് നേരിട്ടും ഹോർട്ടികോർപ്പ് വഴിയും സംഭരിക്കുന്ന പച്ചക്കറികളാണ് ചന്തയിലൂടെ വിറ്റഴിക്കുന്നത്. ഓണച്ചന്തയിൽ പച്ചക്കറികൾക്ക് വിപണി വിലയേക്കാൾ 10 മുതൽ 30 ശതമാനം വരെ വിലക്കുറവുണ്ട്.

രാവിലെ 9 മണി മുതൽ രാത്രി 7 മണി വരെയാണ് ഓണച്ചന്തയുടെ പ്രവർത്തന സമയം.

# 30 വർഷത്തിനു ശേഷം വീണ്ടും; ആനപ്പാറ ജലോത്സവം 30ന്

**അത്തോളി:** മുപ്പത് വർഷം മുൻപ് നിലച്ചുപോയ ആനപ്പാറ ജലോത്സവം 30ന് വീണ്ടും നടക്കും. ഓർമ മത്സ്യത്തൊഴിലാളി സ്വയം സഹായ സംഘത്തിന്റെ നേതൃത്വത്തിൽ ഓർമ ഓണം ഫെസ്റ്റിന്റെ ഭാഗമായാണ് ജലോത്സവം നടക്കുക. പ്രദേശവാസികളുടെ കൂട്ടായ്മയിൽ രൂപം കൊണ്ട ആനപ്പാറ ബോട്ട് റേസ് അസോസിയേഷന്റെ (അബ്ര) നേതൃത്വത്തിലായിരുന്നു നേരത്തേ വർഷങ്ങളോളം ജലോത്സവം സംഘടിപ്പിച്ചിരുന്നത്. അഞ്ചും രണ്ടും പേർ വീതം പങ്കെടുക്കുന്ന രണ്ട് ഇനം തോണി തുഴയൽ മത്സരം നടക്കും, അഞ്ചു പേർ പങ്കെടുക്കുന്ന മത്സരത്തിലെ വിജയികൾക്ക് കെ.ടി കുഞ്ഞിരാമൻ സ്മാരക ട്രോഫിയും 10001 രൂപയും രണ്ടാം സ്ഥാനക്കാർക്ക് 5001 രൂപയും ട്രോഫിയും ലഭിക്കും.

രണ്ടു പേർ പങ്കെടുക്കുന്ന മത്സരത്തിലെ ഒന്നും രണ്ടും സ്ഥാനക്കാർക്ക് 3001, 2001 വീതം കാഷ് പ്രൈസും ട്രോഫിയും സമ്മാനിക്കും.പുരുഷൻമാരുടെ കമ്പ വലി മത്സരത്തിൽ ഒന്നും രണ്ടും സമ്മാനങ്ങളായി 10001, 5001 രൂപവീതം നൽകും. ദീർഘദൂര ഓട്ടം, ഗൃഹാങ്കണ പൂക്കള മത്സരവും നടക്കും. കമ്പ വലി മത്സരത്തിന് ആദ്യം റജിസ്റ്റർ ചെയ്യുന്ന എട്ടു ടീമുകൾക്ക് അവസരമുണ്ടാവും. മത്സരങ്ങൾക്ക് 8086303900 എന്ന നമ്പറിൽ റജിസ്റ്റർ ചെയ്യേണ്ടതാണെന്നു ഭാരവാഹികളായ സാജിത് കോറോത്ത്, പി.പി. ചന്ദ്രൻ, കെ.പി. രാമചന്ദ്രൻ എന്നിവർ പറഞ്ഞു.



# വയനാട് ജില്ലയിൽ 39 കർഷകച്ചന്തകൾ

**കൽപറ്റ :** സമൃദ്ധിയുടെ ഓണമൊരുക്കാൻ ജില്ലയിൽ 39 കർഷകച്ചന്തകൾ ഉണർന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിലാണു ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ഓണത്തോടനുബന്ധിച്ച് കർഷകച്ചന്തകൾ തുടങ്ങിയത്. കർഷകച്ചന്തകളിൽ നിന്നു പച്ചക്കറി ന്യായവിലയ്ക്കു ലഭ്യമാകും. കർഷക ക്ഷേമ വകുപ്പ് നേരിട്ട് ഓരോ പഞ്ചായത്തിലും ഓരോ ചന്തകളും വിഎഫ്പിസികെയുടെ നേതൃത്വത്തിൽ 5, ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ 8 ചന്തകളും നടത്തും.

പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 10% അധികം നൽകി കർഷകരിൽനിന്ന് പച്ചക്കറികൾ സംഭരിച്ചു വിപണിയിലെ വിൽപന വിലയുടെ 30% വിലക്കുറവിലാണ് ഓണച്ചന്തകളിൽ പച്ചക്കറി വിൽപന നടത്തുന്നത്. കർഷകരിൽ നിന്നു ലഭ്യമാകാത്ത ഇനം പച്ചക്കറികൾ ഹോർട്ടികോർപ് മുഖേന വാങ്ങി വിൽപനയ്ക്കായി എത്തിക്കും.ജില്ലയിൽ ആരംഭിക്കുന്ന കർഷകച്ചന്തയുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ നിർവഹിച്ചു. കൽപറ്റ നഗരസഭാധ്യക്ഷൻ കേയംതൊടി മുജീബ് അധ്യക്ഷത വഹിച്ചു. ആദ്യ വിൽപന കൽപറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രിക കൃഷ്ണൻ നിർവഹിച്ചു.


ഓണച്ചന്തകളുടെ ബ്ലോക്ക് പഞ്ചായത്ത് തല ഉദ്ഘാടനങ്ങളും നടന്നു. പ്രിൻസിപ്പൽ കൃഷി ഓഫിസർ സി.എസ്.അജിത് കുമാർ, എൻ. ഡബ്ല്യുഡിപിആർഎ ഡപ്യൂട്ടി ഡയറക്ടർ കെ.മമ്മൂട്ടി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ മാർക്കറ്റിങ് സി.എം.ഈശ്വര പ്രസാദ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഷെറിൻ മുള്ളർ എന്നിവർ പ്രസംഗിച്ചു. മുട്ടിൽ പഞ്ചായത്തിൽ തുടങ്ങിയ കർഷകച്ചന്ത കൽപറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രിക കൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

പഞ്ചായത്ത് പ്രസിഡന്റ് ശ്രീദേവി ബാബു അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അഷറഫ് ചിറക്കൽ, സ്ഥിരം സമിതി അധ്യക്ഷ നിഷ സുധാകരൻ, കൃഷി വകുപ്പ് ഡപ്യൂട്ടി ഡയറക്ടർമാരായ രാജി വർഗീസ്, എൽ.പ്രീത, അസിസ്റ്റന്റ് ഡയറക്ടർ ഷെറിൻ മുള്ളർ, കൃഷി ഓഫിസർ കെ.ടി.ശ്രീകാന്ത് എന്നിവർ പ്രസംഗിച്ചു. വൈത്തിരി കർഷകച്ചന്ത പഞ്ചായത്ത് പ്രസിഡന്റ് എം.വി. വിജേഷ് ഉദ്ഘാടനം ചെയ്തു. ആദ്യവിൽപന പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉഷ ജ്യോതി ദാസ് നിർവഹിച്ചു. പൊഴുതന കർഷകച്ചന്ത പഞ്ചായത്ത് പ്രസിഡന്റ് അനസ് റോസ്ന സ്റ്റെഫി ഉദ്ഘാടനം ചെയ്തു. ആദ്യ വിൽപന ജില്ലാ പഞ്ചായത്ത് അംഗം എൻ.സി.പ്രസാദ് നിർവഹിച്ചു.

കോട്ടത്തറ കൃഷിഭവൻ വെണ്ണിയോട് ടൗണിൽ തുടങ്ങിയ കർഷകച്ചന്ത പഞ്ചായത്ത് പ്രസിഡന്റ് പി.പി.രനീഷ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അധ്യക്ഷത വഹിച്ചു. പനമരം കർഷകച്ചന്ത പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു.

# ചെറുകിട ജല വൈദ്യുതനിലയം നാശത്തിൽ





**അടിമാലി:** മാങ്കുളം പഞ്ചായത്തിന്റെ സ്വപ്ന പദ്ധതിയായിരുന്ന പാമ്പുംകയം ചെറുകിട ജല വൈദ്യുതനിലയം നാശത്തിൽ. 2004ൽ കമ്മിഷൻ ചെയ്ത പദ്ധതിയിൽനിന്ന് ശരാശരി 110 കിലോ വാട്ട് വൈദ്യുതി ഉൽപാദിപ്പിച്ച് നൂറ്റൻപതോളം ഗുണഭോക്താക്കൾക്കാണ് വിതരണം നടത്തിയിരുന്നത്.നക്ഷത്രക്കുത്തിൽ തടയണ നിർമിച്ച് പെൻസ്റ്റോക്കിന്റെ സഹായത്തോടെ വെള്ളം പാമ്പുംകയത്തെ വൈദ്യുത നിലയത്തിൽ എത്തിച്ചാണ് വൈദ്യുതി ഉൽപാദനം നടത്തിയിരുന്നത്. 2 ഓപ്പറേറ്റർമാർ ഉൾപ്പെടെ 3 ജീവനക്കാർക്ക് ഇവിടെ തൊഴിലും ലഭിച്ചു.

ഇതോടെ രാജ്യത്ത് ആദ്യമായി വൈദ്യുതി ഉൽപാദിപ്പിച്ച് വിതരണ നടത്തിയ പഞ്ചായത്ത് എന്ന ബഹുമതിക്ക് മാങ്കുളം അർഹത നേടുകയായിരുന്നു. പ്രവർത്തനം സുഗമമായി മുന്നോട്ടു പോകുന്നതിനിടെ 2012ൽ സംസ്ഥാന വൈദ്യുത ബോർഡ് പദ്ധതി ഏറ്റെടുത്തു. ഇവിടെനിന്ന് ഉൽപാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് 4.85 രൂപ നിരക്കിൽ പഞ്ചായത്തിന് നൽകുമെന്ന കരാറുമുണ്ടായി.

എന്നാൽ നിലയത്തിന്റെയും മറ്റും അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പഞ്ചായത്ത് ചെയ്തുനൽകണമെന്ന വ്യവസ്ഥയും കരാറിലുണ്ടായിരുന്നു.ഇതോടെ ശരാശരി ഒരു വർഷം 6 ലക്ഷം മുതൽ 8 ലക്ഷം വരെ പഞ്ചായത്തിന് വരുമാനവും ലഭിച്ചിരുന്നു. എന്നാൽ അധികം വൈകാതെ താളപ്പിഴകൾ ആരംഭിച്ചു. അറ്റകുറ്റപ്പണികൾ കൃത്യമായി നടത്താൻ പഞ്ചായത്ത് അധികൃതർ തയാറാകാതെ വന്നതോടെ പദ്ധതി താറുമാറായി.

2018ൽ ഇവിടെനിന്നുള്ള വൈദ്യുതി ഉൽപാദനം പൂർണമായും നിലച്ചു. 5 വർഷം കൊണ്ട് വൈദ്യുത നിലയത്തിലെ യന്ത്ര സാമഗ്രികൾ ഏതാണ്ട് പൂർണമായും നാശിച്ച സ്ഥിതിയിലാണ്. പഞ്ചായത്ത് പദ്ധതിയിൽപെടുത്തി പലതവണ അറ്റകുറ്റപ്പണികൾക്ക് ഫണ്ട് വകയിരുത്തിയെങ്കിലും അനന്തര നടപടികളുണ്ടാകാത്തത് നാശത്തിന് ആക്കം കൂട്ടുകയാണ്.

ഇതിനിടെ എനർജി മാനേജ്മെന്റ് സെന്ററുമായി (ഇഎംസി) സഹകരിച്ച് പദ്ധതി വീണ്ടും പുനരാരംഭിക്കാനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നാണ് പഞ്ചായത്ത് അധികൃതരുടെ വിശദീകരണം.

# പാലക്കാടൻ നേന്ത്രക്കായയ്ക്കു കടുത്ത ക്ഷാമം, എത്തുന്നതു തമിഴ്നാട്ടിൽനിന്ന്



**പാലക്കാട്** :നേന്ത്രപ്പഴമില്ലാത്ത ഓണസദ്യ ഉണ്ടാകില്ല. നേന്ത്രപ്പഴം ചെറുതായി മുറിച്ചു പുഴുങ്ങി സദ്യയോടൊപ്പം വിളമ്പുന്നതു മലയാളികളുടെ പതിവാണ്. ഇപ്പോൾ ആ പതിവിനു പതുക്കെ മാറ്റം വന്നു തുടങ്ങി. പഴം നുറുക്കിനോടുള്ള ഇഷ്ടം കുറഞ്ഞതുകൊണ്ടല്ല അത്. നല്ല നേന്ത്രപ്പഴം കിട്ടാനില്ല. അതിൽതന്നെ നാടൻ നേന്ത്രപ്പഴം കണികാണാൻ പോലുമില്ല. ഒരു കാലത്തു നേന്ത്രപ്പഴം സമൃദ്ധമായി കൃഷി ചെയ്തിരുന്ന കേരളത്തിൽ ഇന്നു പഴം രുചിച്ചുനോക്കണമെങ്കിൽ തമിഴ്നാട്ടിൽ നിന്നോ കർണാടകയിൽ നിന്നോ എത്തണം.

അല്ലെങ്കിൽ വയനാടൻ കായ എത്തണം. ഇതൊന്നും പാലക്കാടൻ നാടൻ നേന്ത്രപ്പഴത്തിനു പകരം വയ്ക്കാവുന്നതല്ല.നേന്ത്രനിലെ പാലക്കാടൻ മധുരം ജില്ലയുടെ മാത്രം പ്രത്യേകതയാണ്. പാലക്കാട്ട് ഇപ്പോൾ നാടൻ നേന്ത്രക്കൃഷി പേരിനു മാത്രമേയുള്ളൂ. ദിവസം തികച്ചു 100 നാടൻ നേന്ത്രക്കുല പാലക്കാട് വാഴപ്പഴ മാർക്കറ്റിൽ എത്തുന്നില്ല.പാലക്കാടൻ നേന്ത്രക്കായയ്ക്ക് ആവശ്യക്കാറെയാണ്. പഴത്തിനായാലും കായവറവിനായാലും പാലക്കാടൻ നേന്ത്രനാണു വിപണിയിലെ താരം.

വിദേശത്തേക്കും കയറ്റി അയയ്ക്കുന്ന കായവറവു തയാറാക്കാനായി പാലക്കാട്ടെ നേന്ത്രക്കായ തേടിയെത്തുന്നവരും ഏറെയുണ്ട്. ജില്ലയിൽ കോങ്ങാട്, കരിമ്പ, കല്ലടിക്കോട് മേഖലകളിലാണു കൂടുതലും നേന്ത്രവാഴക്കൃഷി നടത്തുന്നത്.കോവിഡിനു മുൻപ് ഇപ്പോഴുള്ളതിന്റെ പത്തിരട്ടിയിലേറെ നേന്ത്രക്കൃഷി ഉണ്ടായിരുന്നെങ്കിലും പിന്നീടു വിസ്തൃതി വളരെയേറെ കുറഞ്ഞു. ലാഭം കുറവ്, കാറ്റിലും മഴയിലും ഒടിഞ്ഞുള്ള നഷ്ടം, ഇടനിലക്കാരുടെ ചൂഷണം, യഥാസമയം വിപണി ലഭിക്കാതിരിക്കൽ തുടങ്ങിയ വിവിധ കാരണങ്ങളാണു വാഴക്കൃഷിയെ ബാധിച്ചത്.

തമിഴ്നാട്ടിലെ മേട്ടുപ്പാളയം, സത്യമംഗലം, പുളിയംപെട്ടി പ്രദേശങ്ങളിൽ നിന്നാണു ജില്ലയിലേക്കും ഇതര ജില്ലകളിലേക്കും പ്രധാനമായും നേന്ത്രക്കായ എത്തുന്നത്. ഗുണനിലവാരം ഉള്ള കായ എത്തുന്നതു വളരെ കുറവെന്നു വ്യാപാരികൾ പറയുന്നു. നാടൻ കായ കാണാൻ തന്നെ ഐശ്വര്യമാണ്. കുലകൾക്കു 10 മുതൽ 15 കിലോ വരെ തൂക്കം ഉണ്ടാകും. ഇപ്പോൾ അങ്ങാടിയിൽ എത്തുന്ന വാഴക്കുലകൾ ശരാശരി 5,10 കിലോ തൂക്കമാണ് ഉള്ളത്. തമിഴ്നാട്ടിൽ നിന്നു മൂന്നും നാലും ടൺ തൂക്കമുള്ള 20 ലോഡ് നേന്ത്രക്കായയാണു ജില്ലയിലേക്ക് എത്തുന്നത്.

ജില്ലയിൽ നേന്ത്രവാഴക്കൃഷി പ്രോത്സാഹിപ്പിക്കാനും പ്രത്യേകം പാക്കേജ് തയാറാക്കണമെന്ന് ആവശ്യം ഉയരുന്നുണ്ട്. ഓണ സീസൺ മുന്നിൽകണ്ട് നേന്ത്രക്കൃഷി പ്രോത്സാഹിപ്പിച്ചാൽ കർഷകർക്കും മെച്ചമാണ്. ചൂഷണമില്ലാതെ യഥാസമയം വിപണി ലഭിക്കാനും സംവിധാനം ഒരുക്കണം. കർഷകരിൽ നിന്നു നേരിട്ടു നേന്ത്രക്കായ ലഭിച്ചാൽ വ്യാപാരികൾക്കും മെച്ചമാകും. കാലാവസ്ഥാ പ്രശ്നങ്ങളും കൃഷിയെ ബാധിക്കുന്നുണ്ട്.

# പച്ചക്കറി വില കുതിച്ചുയരുന്നു



**പത്തനംതിട്ട:** ഓണവിപണിയിൽ പച്ചക്കറി വില കുതിച്ചുയരുന്നു. നാടൻ ഉത്പന്നങ്ങളുടെ ലഭ്യതയിൽ വില കുറയുമെന്ന പ്രതീക്ഷയായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇഞ്ചിയുടേതടക്കം നാടൻ ഉത്പന്നങ്ങളുടെ വിലയും കുതിച്ചുയർന്നു.

കൃഷിഭവനുകൾ മുഖേനയുള്ള ഓണച്ചന്തകളുടെ പ്രവർത്തനം നാമമാത്രമാണ്. നാടൻ ഉത്പന്നങ്ങൾ ആവശ്യാനുസരണം ലഭ്യവുമല്ല. നാടൻ ഏത്തക്കായ, ചേന, ചേമ്പ്, ഇഞ്ചി, പച്ചക്കറികൾ തുടങ്ങിയവ കൃഷിഭവൻ ഓണച്ചന്തകളിൽ പരിമിതമായ സ്റ്റോക്കാണുള്ളത്.

ജൂലൈ ആദ്യവാരത്തിലെ മഴ ഏത്തവാഴ കർഷകരെ പ്രതിസന്ധിയിലാഴ്ത്തി. വൻതോതിൽ ഏത്തവാഴ കൃഷി നഷ്ടപ്പെട്ടു. ഓണത്തിന് ഒരു മുറം പച്ചക്കറി, ഞങ്ങളും കൃഷി ഇടത്തിലേക്ക് തുടങ്ങിയ പദ്ധതികളിലൂടെയും ഉത്പാദനം മെച്ചമായിരുന്നില്ല.

അപ്രതീക്ഷിതമായ കാലാവസ്ഥ വ്യതിയാനം മൂലം കൊടും വേനൽ വന്നതിനാൽ കേരളത്തിലെ പച്ചക്കറി കൃഷിയിടങ്ങൾ പാടെ കരിഞ്ഞുണങ്ങിയതും വിലക്കയറ്റത്തിനു കാരണമായതായി പറയുന്നുണ്ട്.

സപ്ലൈകോയിലെ പ്രതിസന്ധി മൂലം പച്ചക്കറിവിലക്ക് ഒപ്പം പലചരക്കിൻറെ വിലകൂടിയതായും സബ്സിഡി ഉള്ള പല സാധനങ്ങളും ലഭിക്കാതെ വരുന്നുണ്ടെന്നും വ്യാപക പരാതി ഉയരുന്നു.

ഓണനാളുകൾ സമാഗതമായതോടെ പച്ചക്കറിക്കും പലവ്യഞ്ജനത്തിനുമെല്ലാം പൊതുവിപണിയിൽ വില കുതിച്ചുയരുകയാണുണ്ടായത്. ഓണവിഭവങ്ങൾ ഒരുക്കാൻ ആവശ്യമുള്ള പച്ചക്കറി ഉത്പന്നങ്ങൾക്ക് പൊള്ളുന്ന വിലയാണ്. ഇഞ്ചി വില 180 രൂപയിലെത്തി. മാങ്ങ കിലോയ്ക്ക് 150 രൂപ.

പച്ചമുളകിന് കഴിഞ്ഞ ആഴ്ച അല്പം വിലകുറഞ്ഞെങ്കിലും വീണ്ടും വർധിക്കുകയാണ്. കിലോഗ്രാമിന് 60 രൂപയ്ക്കു മുകളിലാണ് വില്പന വില. സവാള, മത്തൻ, വെണ്ടയ്ക്ക എന്നിവയ്ക്ക് മാത്രമാണ് അല്പം ആശ്വാസം ഉള്ളത്.

തക്കാളി വിലയും താഴേക്ക് വന്നത് നേരിയ ആശ്വാസമാണ്. കാരറ്റിന് 70 രൂപയാണ് വില. പയറിൻറെ വില 100 രൂപയിലെത്തി. ബീൻസിന് 80, പാവയ്ക്ക 60, ചേന 60 എന്നിങ്ങനെയാണ് വില.

വ്യാപാരികൾ കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുകയാണെന്നും നേരിയ വില വ്യത്യാസം മാത്രമേ വന്നിട്ടുള്ളൂവെന്നും സർക്കാരിൻറെ വാദമുഖങ്ങൾ ശരിയല്ലെന്നും കൂടിയ വിലക്കാണ് മൊത്ത വ്യാപാരികൾക്കുപോലും പച്ചക്കറികൾ ലഭ്യമാകുന്നതെന്നും കേരള വെജിറ്റബിൾ മർച്ചൻറ് അസോസിയേഷൻ ഭാരവാഹികൾ പറഞ്ഞു.

# കാരാപ്പുഴ അഡ്വഞ്ചർ പാർക്കിൽ പുതിയ റൈഡുകൾ ഉടൻ തുറക്കും

**കൽപറ്റ:** കാരാപ്പുഴ ടൂറിസം മാനേജ്മെന്റ് കമ്മിറ്റി, നാഷനൽ അഡ്വഞ്ചർ ഫൗണ്ടേഷൻ എന്നിവർ ചേർന്ന് കാരാപ്പുഴയിൽ നടത്തുന്ന അഡ്വഞ്ചർ പാർക്കിൽ സഞ്ചാരികൾക്കായി പുതിയ സാഹസികവിനോദ റൈഡുകൾ വരുന്നു. ഡ്രോപ് ടവർ, 32 പേർക്ക് ഒരേസമയം ഉപയോഗിക്കാവുന്ന ഫ്ലയിങ് സോസർ, ഫ്ലയിങ് ചെയർ എന്നിവയാണു ഒരുക്കുന്നത്. 2 മാസത്തിനുള്ളിൽ ഇവ സഞ്ചാരികൾക്കായി തുറന്നു കൊടുക്കുമെന്ന് അഡ്വഞ്ചർ ഫൗണ്ടേഷൻ സൂപ്പർവൈസർ തോമസ് പ്ലാക്കൽ, ഫൗണ്ടേഷൻ അംഗം ഫ്രാൻസിസ് ഏബ്രഹാം എന്നിവർ അറിയിച്ചു.

അഡ്വഞ്ചർ പാർക്കിൽ 80 അടി ഉയരത്തിൽ സ്ഥാപിച്ച ജയന്റ് സ്വിങ് (ഊഞ്ഞാൽ) അടുത്തിടെ തുറന്നു കൊടുത്തിരുന്നു. ഒരേ സമയം 3 പേർക്ക് ഇരിക്കാം. തെക്കേ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ ഊഞ്ഞാലാണിതെന്നും ഇവർ പറഞ്ഞു. നിലവിൽ 605 മീറ്റർ നീളമുള്ള സിപ്ലൈൻ ഉൾപ്പെടെ 5 സാഹസികവിനോദ റൈഡുകൾ അഡ്വഞ്ചർ പാർക്കിലുണ്ട്. ഒരേസമയം 2 പേർക്ക് സഞ്ചരിക്കാൻ കഴിയുന്ന 2 നിര സിപ്ലൈൻ കാരാപ്പുഴ ഡാമിന്റെ സ്പിൽവേയ്ക്കു മുകളിലൂടെയാണു കടന്നുപോകുന്നത്.

അരുണാചൽപ്രദേശിൽ നിന്നുള്ള യുവതീയുവാക്കൾ അടക്കം എൻഎഫ്എ സർട്ടിഫിക്കറ്റുള്ള 23 പേരുടെ മേൽനോട്ടത്തിലാണ് റൈഡുകൾ. സിപ്ലൈൻ, ഹ്യൂമൻ സ്ലിങ് ഷോട്ട്, ബഞ്ചി ട്രംപോളിൻ, ട്രംപോളിൻ പാർക്ക്, ഹ്യൂമൻ ഗേയ്റോ എന്നീ സൗകര്യങ്ങളോടെ 2020 ഫെബ്രുവരി 23നായിരുന്നു അഡ്വഞ്ചർ പാർക്കിന്റെ ഉദ്ഘാടനം.കോവിഡ് വ്യാപനത്തെത്തുടർന്നു 16 ദിവസം കഴിഞ്ഞപ്പോൾ പാർക്കിന്റെ പ്രവർത്തനം നിർത്തിവച്ചു.

മാസങ്ങൾ നീണ്ട ഇടവേളയ്ക്കുശേഷം 2021 ജനുവരി 16നാണ് കാരാപ്പുഴ ടൂറിസം കേന്ദ്രത്തിന്റെയും അഡ്വഞ്ചർ പാർക്കിന്റെയും പ്രവർത്തനം പുനഃരാരംഭിച്ചത്. 16 മാസത്തോളമാണ് പാർക്ക് അടച്ചിടേണ്ടിവന്നത്. ഇതു സംരംഭകരെ പ്രതിസന്ധിയിലാക്കിയിരുന്നു.

അഡ്വഞ്ചർ പാർക്കിൽനിന്നുള്ള വരുമാനത്തിന്റെ 20 ശതമാനവും 18 ശതമാനം ജിഎസ്ടിയുമാണ് ജലവിഭവ വകുപ്പിനു ലഭിക്കുന്നത്. ദിവസം ശരാശരി 3,000 ആളുകളാണ് കാരാപ്പുഴയിലെത്തുന്നത്. ഇതിൽ കുട്ടികൾ അടക്കം 20 ശതമാനത്തോളം പേർ റൈഡുകൾ ആസ്വദിക്കാനായി എത്തുന്നുണ്ടെന്നും ഇവർ പറഞ്ഞു.

# തൃശൂർ നെഹ്റു പാർക്കിൽ മ്യൂസിക് ഫൗണ്ടൻ നന്നാക്കിയില്ല

**തൃശൂർ:** രണ്ടുവർഷമാകുന്നു തൃശൂർ നെഹ്റു പാർക്കിലെ മ്യൂസിക് ഫൗണ്ടൻ നശിക്കാൻ തുടങ്ങിയിട്ട്. അന്പതു ലക്ഷം രൂപ ചിലവഴിച്ച് നിർമിച്ച മ്യൂസിക് ഫൗണ്ടൻ 2021ൽ നിർമിച്ച് ഏതാനും ദിവസങ്ങൾ മാത്രമാണ് പ്രവർത്തിച്ചത്. മികച്ച പ്രതികരണമാണ് മ്യൂസിക് ഫൗണ്ടന് ആളുകളിൽ നിന്ന് ലഭിച്ചിരുന്നത്.

മ്യൂസിക് ഫൗണ്ടൻ നിലച്ചപ്പോൾ പ്രതിഷേധവുമായി യുഡിഎഫ് രംഗത്തെത്തി റീത്തെല്ലാം സമർപ്പിച്ചിരുന്നു.ഓരോ വെക്കേഷൻ കാലത്തും മ്യൂസിക് ഫൗണ്ടൻ നന്നാക്കുമെന്ന പ്രതീക്ഷയുണ്ടാകാറുണ്ടെങ്കിലും നന്നാക്കാൻ അധികൃതർ നടപടികളെടുക്കുന്നില്ല.

ബഹുവർണങ്ങൾ നിറഞ്ഞ മ്യൂസിക് ഫൗണ്ടനിലെ ജലധാര സംഗീതത്തിനും സൂപ്പർഹിറ്റ് പാട്ടുകൾക്കുമനുസരിച്ച് നൃത്തം ചെയ്യുകയും ഉയർന്നുതാഴുകയും ചെയ്യുന്ന മനോഹരമായ കാഴ്ച ഏതാനും പേർക്ക് മാത്രമേ കാണാൻ ഭാഗ്യമുണ്ടായുള്ളൂ. വൻ തിരക്കാണ് മ്യൂസിക് ഫൗണ്ടൻ ആസ്വദിക്കാൻ പാർക്കിൽ എത്തിയിരുന്നത്.

എന്നാൽ അവഗണനയുടെ രണ്ടാം വർഷത്തിലെത്തുന്പോൾ ഫൗണ്ടൻ കേടുവന്ന് നശിച്ചുകഴിഞ്ഞു. ജലാശയത്തിനകത്ത് മാലിന്യങ്ങൾ കുന്നുകൂടി. മ്യൂസിക്കൽ ഫൗണ്ടൻ ഉപകരണങ്ങൾ നശിച്ചു.വൈകുന്നേരങ്ങളിൽ 6.30നും രാത്രി 7.20നുമായിരുന്നു രണ്ടു പ്രദർശനങ്ങൾ ഉണ്ടായിരുന്നത്. ടുഡേ നോ ഷോ എന്നെഴുതിവെച്ചിട്ട് വർഷം രണ്ടാകാറായി.

മ്യൂസിക്കൽ ഫൗണ്ടൻ ഷോ കാണാനായി ഒരുക്കിയ ഗാലറി പോലുള്ള ഇരിപ്പിടങ്ങളിൽ പാർക്കിലെത്തുന്ന ചിലർ വന്നിരിക്കും. മ്യൂസിക് ഫൗണ്ടൻ നന്നാക്കിയെടുക്കാൻ വലിയ തുക വേണ്ടിവരും. മഴയും വെയിലും കൊണ്ട് ഉപകരണങ്ങൾ നശിച്ചതിനാൽ പുതിയ ഉപകരണങ്ങൾ തന്നെ മാറ്റിവെക്കേണ്ടി വരും.

അറ്റകുറ്റപണികൾക്കും വാർഷിക മെയിൻറിനൻസിനുമൊന്നും കോർപറേഷൻ ഇതുവരെയും തയ്യാറായിട്ടില്ല. പലതവണ ഈ വിഷയം കൗൺസിലിൽ ഉന്നയിച്ചെങ്കിലും ഒരു ഫലവുമുണ്ടായില്ലെന്ന് പാർക്ക് സ്ഥിതി ചെയ്യുന്ന തേക്കിൻകാട് ഡിവിഷൻറെ കൗൺസിലർ പൂർണിമ സുരേഷ് പറഞ്ഞു.

അവധിക്കാലത്തും അല്ലാതെയും തൃശൂരിലേക്കെത്തുന്നവർക്ക് കാണാനും ആസ്വദിക്കാനും സാധിക്കുമായിരുന്ന നല്ലൊരു സംഗീതവിരുന്നാണ് അധികാരികളുടെ അനാസ്ഥമൂലം നശിച്ചില്ലാതായത്.



# കാർഷികോത്പന്നങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരണം: മന്ത്രി പി. പ്രസാദ്

**കൊച്ചി:** കേരളത്തിലെ കാർഷികോത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ സ്ഥാനം ലഭ്യമാക്കുവാൻ അവ ഉന്നത നിലവാരത്തിലേക്ക് ഉയരണമെന്ന് മന്ത്രി പി. പ്രസാദ്. ഉദയംപേരൂർ ഗ്രാമപഞ്ചായത്തും കൃഷിവകുപ്പും കണ്ടനാട് കർഷക സംഘവും ചേർന്ന് സംഘടിപ്പിച്ച വിത മഹോത്സവം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇതുപോലുള്ള സംരംഭങ്ങൾക്ക് വേണ്ടുന്ന സാങ്കേതിക വിദ്യ ലഭ്യമാക്കുവാൻ പരിശീലന പരിപാടികൾ സർക്കാർ നടപ്പിലാക്കുമെന്നും അദ്ദേഹം പറഞ്ഞു. കെ. ബാബു എംഎൽഎ അധ്യക്ഷത വഹിച്ചു.

എറണാകുളം ജില്ലാ പ്രസിഡൻറ് ഉല്ലാസ് തോമസ്, കർഷകൻ ചെറുവയൽ രാമൻ, വിഷ്ണുരാജ്, നടൻ ശ്രീനിവാസൻ, കൊടിയൻ പുന്നമൂട്ടിൽ തുട ങ്ങിയവർ പ്രസംഗിച്ചു. കേരളത്തിൻറെ വിത്തച്ഛൻ എന്നറിയപ്പെടുന്ന ചെറുവയൽ രാമൻറെ വിത്ത് ശേഖരത്തിലെ ചില അപൂർവയിനം വിത്തുകളോടൊപ്പം ജ്യോതി, ജയ തുടങ്ങിയ വിത്തുകളുമാണ് വിതച്ചത്.



ശീതീകരിച്ച ഓഡിറ്റോറിയത്തിൽ കൊച്ചിയിൽ ആദ്യമായി സംഘടിപ്പിച്ച റാംബോ സർക്കസിൽ നിന്നുള്ള ദൃശ്യം

# സമഗ്ര നഗരവികസന നയവുമായി സർക്കാർ മുന്നോട്ടുപോകുമെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** സമഗ്ര നഗരവികസന നയമാണ് സംസ്ഥാന സർക്കാരിനുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അതിവേഗം നഗരവൽകരിക്കപ്പെടുന്ന കേരളത്തിൽ നവകേരള നഗരനയം രൂപവൽകരിച്ചാണ് സർക്കാർ മുന്നോട്ടു പോകുന്നത്, തിരുവനന്തപുരം നഗരസഭയുടെ സ്മാർട് സിറ്റി പദ്ധതിയിലുൾപ്പെടുത്തി 113 ഇലക്ട്രിക് ബസുകൾ സിറ്റി സർവീസിനായി കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിന് കൈമാറുന്ന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ആദ്യഘട്ടമായി 60 ഇബസുകളാണ് തിരുവനന്തപുരം ചാല ഗവണ്മെന്റ് മോഡൽ ബോയ്സ് സ്കൂൾ മൈതാനത്തു മുഖ്യമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തത്.

നവകേരള നഗരനയം നടപ്പാക്കാൻ കമ്മീഷൻ രൂപീകരിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അന്താരാഷ്ട്ര വിദഗ്ധർ, അന്താരാഷ്ട്ര സ്ഥാപനങ്ങൾ എന്നിവർ ഉൾപ്പെട്ടതായിരിക്കും കമ്മീഷൻ. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ നഗരനയത്തിന്റ മാസ്റ്റർപ്ലാൻ തയാറാക്കാൻ അന്താരാഷ്ട്ര വിദഗ്ധരുടെ സഹായം തേടും. നഗര പുനരുജ്ജീവനം, നഗര സൗന്ദര്യവൽക്കരണം എന്നിവയ്ക്ക് 300 കോടി രൂപ പ്രാരംഭചെലവ് വരും. ഇതിന്റെ ആദ്യഗഡുവായ 100 കോടി രൂപ കിഫ്ബി മുഖേന നടപ്പാക്കുകയാണെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു. നഗരത്തിലെ അടിസ്ഥാനസൗകര്യ വികസനം മാത്രമല്ല നഗരവാസികളുടെ ജീവിതവും ജീവനോപാധികളും മെച്ചപ്പെടുത്താനുള്ള നടപടികളും സ്വീകരിക്കും. അതിന്റെ ഭാഗമായാണ് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയത്. നമ്മുടെ ഗതാഗത സംവിധാനങ്ങളുടെ വേഗം ദേശീയ ശരാശരിയെക്കാൾ 40 ശതമാനം താഴെയാണെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. പുതിയ കാലത്തു വേഗതയേറിയ ഗതാഗത സംവിധാനം ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. അതിനാൽ നൂതന ഗതാഗത സംവിധാനം നമുക്ക് ഒരുക്കേണ്ടതുണ്ട്. അതു പരിസ്ഥിതി സൗഹൃദമായിരിക്കുകയും വേണം.

വന്ദേഭാരത് ട്രെയിനിൽ ടിക്കറ്റ് കിട്ടാത്ത അവസ്ഥയാണെന്നും അത്രയേറെ പേർ കേരളത്തിൽ വേഗതയേറിയ സംവിധാനം ഉപയോഗിക്കുന്നതിനാൽ സംസ്ഥാനം പൊതുവെ എങ്ങിനെ ചിന്തിക്കുന്നുവെന്നു വ്യക്തമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. 113 ഹരിത ബസുകൾ തിരുവനന്തപുരം നഗരത്തിൽ ഓടാൻ തുടങ്ങുന്നതോടെ സിറ്റി സർക്കുലർ സർവീസ് പൂർണമായും പരിസ്ഥിതി സൗഹൃദമാകും.

പരിപാടിയിൽ തദ്ദേശ സ്വയംഭരണ മന്ത്രി എം.ബി രാജേഷ് അധ്യക്ഷത വഹിച്ചു. 113 ഇബസുകൾ തലസ്ഥാന നഗരിക്കുള്ള ഓണസമ്മാനം ആണെന്ന് അദ്ദേഹം പറഞ്ഞു. 1135 കോടി രൂപയുടെ സ്മാർട്ട്സിറ്റി പദ്ധതിയിൽ 500 കോടി വീതം കേന്ദ്ര, സംസ്ഥാന സർക്കാറുകളും 135 കോടി തിരുവനന്തപുരം കോർപ്പറേഷനും ആണ് വഹിക്കുന്നത്. 104 കോടി രൂപ ചെലവിലാണ് ഇബസുകൾ വാങ്ങുന്നത്. നിലവിൽ 50 ഇബസുകൾ തിരുവനന്തപുരത്ത് സിറ്റി സർവീസായി ഓടുന്നുണ്ട്. ഇതോടെ തലസ്ഥാനനഗരിയിലെ മൊത്തം കെ. എസ്.ആർ.ടി.സി ഇബസുകളുടെ എണ്ണം 163 ആകും.

കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് ആദ്യമായി നിരത്തിലിറക്കുന്ന ആധുനിക ശ്രേണിയിലുള്ള രണ്ടു സീറ്റർ കം സ്ലീപ്പർ ഹൈബ്രിഡ് ഹൈടെക് ബസുകളുടെ ഫ്ലാഗ് ഓഫും മുഖ്യമന്ത്രി നിർവഹിച്ചു. ഇബസ്, ഹൈബ്രിഡ് ബസ് എന്നിവയുടെ മിനിയേച്ചർ രൂപങ്ങൾ യഥാക്രമം ഗതാഗത മന്ത്രി ആന്റണി രാജു, ധനമന്ത്രി കെ.എൻ ബാലഗോപാൽ എന്നിവർ ഏറ്റുവാങ്ങി.

ആദ്യ ഇബസിന്റെയും ഹൈബ്രിഡ് ബസിന്റെയും താക്കോൽദാനം പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. സർക്കുലർ സർവീസ് ചിഹ്നം ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ അനിൽ പ്രകാശനം ചെയ്തു. ഐ.ടി അധിഷ്ഠിത സേവനങ്ങളുടെ ആപ്പ്മാർഗദർശിയുടെ പ്രകാശനം ഡെപ്യൂട്ടി മേയർ പി. കെ രാജു നിർവഹിച്ചു.

# മാലിന്യസംസ്കരണ പ്ലാന്റ് നിർമിക്കാൻ ജില്ലാപഞ്ചായത്ത് 50 സെന്റ് സ്ഥലം വിട്ടുനൽകും

**ഇടുക്കി:** മാലിന്യസംസ്കരണ പ്ലാന്റ് നിർമാണത്തിന് ജില്ലാപഞ്ചായത്ത് 50 സെന്റ് സ്ഥലം വിട്ടുനൽകുമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ജില്ലാ വികസന സമിതി യോഗത്തെ അറിയിച്ചു. ജില്ലാ കളക്ടർ ഷീബാ ജോർജിന്റെ അധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന ഇടുക്കി ജില്ലാ വികസന സമിതിയോഗത്തിലാണ് ജില്ലാ പഞ്ചായത്ത് തീരുമാനം സെക്രട്ടറി അറിയിച്ചത്. ജില്ലാതല ഓണാഘോഷ പരിപാടി നടക്കുന്നതിനാലാണ് ആഗസ്റ്റ് മാസത്തെ വികസന സമിതി ഓൺലൈനായി ചേർന്നത്. പ്ലാൻ സ്കീമുകളുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട് നടത്തിയ അവലോകനത്തിൽ ജില്ലയിൽ പിന്നാക്കം നിൽക്കുന്ന വകുപ്പുകളോട് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 100 ശതമാനം ധനവിനിയോഗം നടത്തുന്നതിന് അടിയന്തര നടപടികളെടുക്കാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ടു.

മുൻയോഗ തീരുമാനങ്ങളുടെ അവലോകനത്തിൽ മൺസൂണിനോടനുബന്ധിച്ച് ജില്ലയിൽ കൃഷി നാശം സംഭവിച്ചവരുടെ പട്ടിക തയ്യാറാക്കി സർക്കാരിലേക്ക് നൽകിയതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ഓണത്തോടനുബന്ധിച്ച് ജില്ലയിലെ കർഷകരിൽ നിന്ന് സംഭരിച്ച നാടൻ പഴം, പച്ചക്കറികൾ വിൽപന നടത്താൻ എല്ലാ കൃഷിഭവനുകൾക്ക് കീഴിലും ഓണച്ചന്തകൾ ആരംഭിച്ചു. ഇവ ആഗസ്റ്റ് 28 വരെ പ്രവർത്തിക്കും. പൊതുമരാമത്ത് നിരത്ത് വിഭാഗം ഏറ്റെടുത്ത് നടത്തുന്ന എല്ലാ പ്രവൃത്തികളും സമയബന്ധിതമായി തന്നെ ജില്ലയിൽ പുരോഗമിക്കുന്നതായി എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

ഒക്ടോബർ മൂന്നിന് എറണാകുളത്ത് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടക്കുന്ന മേഖല യോഗത്തിൽ അവതരിപ്പിക്കുന്നതിന് ജില്ലാ, സംസ്ഥാന തലങ്ങളിൽ തീർപ്പാക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച് എല്ലാ വകുപ്പ് തലവന്മാരും സെപ്റ്റംബർ എട്ടിനകം വിവരങ്ങൾ ലഭ്യമാക്കണമെന്ന് കളക്ടർ നിർദേശിച്ചു. ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി നിർമിക്കുന്ന വർക്കിങ് മെൻസ് ആന്റ് വിമൻസ് ഹോസ്റ്റലിന് ജില്ലാ പഞ്ചായത്ത് വിട്ടുകൊടുക്കാനുദ്ദേശിക്കുന്ന സ്ഥലം പി.ഡബ്ല്യുഡി അധികൃതരുമൊത്ത് സന്ദർശിച്ചതായും ഉടൻ ഭൂമി കൈമാറുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുമെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി യോഗത്തെ അറിയിച്ചു.

കരുതലും കൈത്താങ്ങും അദാലത്തിൽ ലഭിച്ച അപേക്ഷകളിൽ ഇനിയും തീരുമാനമാകാത്തവയിൽ എത്രയും വേഗം നടപടി സ്വീകരിക്കാൻ നിർദേശിച്ചതായി എഡിഎം അറിയിച്ചു. കുട്ടികളുടെ ഹോസ്റ്റലുകളിൽ ടൈഫോയ്ഡ് സ്ഥിരീകരിക്കുന്ന സാഹചര്യത്തിൽ ഡിഎംഒ, ഭക്ഷ്യ സുരക്ഷാവകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ നടത്തുന്ന പരിശോധനകൾ തുടരാൻ ജില്ലാ കളക്ടർ നിർദേശിച്ചു. ഇടമലക്കുടിയിൽ ബി എസ് എൻ എൽ കണക്ഷൻ ലഭ്യമാക്കുന്ന പ്രവർത്തി ആഗസ്റ്റ് 31 നകം പൂർത്തീകരിക്കണം. ഇടമലക്കുടിഇഡലിപ്പാറക്കുടി റോഡ് നിർമാണം ഓണാവധി കഴിഞ്ഞാലുടൻ ആരംഭിക്കാൻ കളക്ടർ പൊതുമരാമത്ത് വകുപ്പിന് നിർദേശം നൽകി.

വിദ്യാഭ്യാസ സ്ഥാനങ്ങളുടെ മുന്നിലെ വാഹനത്തിരക്കും അമിത വേഗതയും നിയന്ത്രിക്കുന്നതിന് മോട്ടോർവാഹന വകുപ്പ് പരിശോധനകൾ നടത്തുകയും പൊതുമരാമത്ത് വകുപ്പ് സ്പീഡ് ബ്രേക്കറുകൾ സ്ഥാപിക്കുകയും ചെയ്യും. തൊടുപുഴ മോർ ജംഗഷനിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് കംപ്ലീറ്റ് ട്രാഫിക് സിസ്റ്റം സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കും.

സബ് കളക്ടർ രാഹുൽ കൃഷ്ണ ശർമ, എഡിഎം ഷൈജു പി ജേക്കബ്, ജില്ലാ പ്ലാനിങ് ഓഫീസർ ദീപാ ചന്ദ്രൻ, വിവിധ വകുപ്പുകളുടെ ജില്ലാതല മേധാവികൾ എന്നിവർ പങ്കെടുത്തു.

# പമ്പ ബ്ലോക്കിന്റെ പുനർനിർമാണത്തിന് ശിലയിട്ടു

നിയമസഭാ ഹോസ്റ്റലിൽ സമാജികർക്കുള്ള പമ്പ ബ്ലോക്കിന്റെ പുനർനിർമാണത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ ശിലയിട്ടു. 11 നിലകളുള്ള കെട്ടിടത്തിന്റെ നിർമാണം 2026 ജനുവരി 31 നകം പൂർത്തിയാകും. 10 നിലകളിൽ 60 അപാർട്മെന്റുകൾ, 2 അണ്ടർഗ്രൗണ്ട് പാർക്കിംഗ് സംവിധാനം, ഒരു ബഹുനില പാർക്കിംഗ് സംവിധാനം, ഒരു ലക്ഷം ലിറ്റർ വെള്ളം സംഭരിക്കാവുന്ന മഴവെള്ള സംഭരണി, 14 പേർക്ക് വീതം കയറാവുന്ന നാല് ലിഫ്റ്റുകൾ, 80 പേർക്ക് ഇരിക്കാവുന്ന സ്റ്റേജ് ഉൾപ്പെടെയുള്ള ഹാൾ, വിശാലമായ ലോഞ്ച്, ജിംനേഷ്യം, കാന്റീൻ എന്നീ സൗകര്യങ്ങൾ വിഭാവനം ചെയ്യുന്ന കെട്ടിടത്തിന്റെ നിർമാണചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്കാണ്. ഒരു നിലയിൽ ആറ് അപാർട്മെന്റുകൾ ഉണ്ടാകും.

നീണ്ട 51 വർഷം ഉപയോഗിച്ചശേഷമാണ് കാലപ്പഴക്കത്തെ തുടർന്ന് പഴയ പമ്പ കെട്ടിടം പൊളിച്ചതെന്നു മുഖ്യമന്ത്രി പറഞ്ഞു. നിയമസഭയിലെ ആർ ശങ്കരൻ നാരായണൻ തമ്പി ഹാളിൽ നടന്ന പരിപാടിയിൽ സ്പീക്കർ അധ്യക്ഷത വഹിച്ചു. ചിറ്റയം ഗോപകുമാർ, കെ.എൻ ബാലഗോപാൽ, പി.എ മുഹമ്മദ് റിയാസ്, വി.ഡി സതീശൻ, കോവൂർ കുഞ്ഞുമോൻ എം.എൽ.എ, പൊതുമരാമത്തു വകുപ്പ് ചീഫ് എൻജിനിയർ ബീന എൽ എന്നിവർ സംസാരിച്ചു.

# പ്രീമിയം വിഭാഗത്തിൽ സാന്നിധ്യം ശക്തമാക്കാൻ ടൈറ്റൻ ഐകെയർ

**കൊച്ചി:** സെഫർ, നിയോ സിങ്ക് പ്രോഗ്രസ്സീവ് ലെൻസുകൾ, ഡ്രൈവ്ഈസ് ലെൻസുകൾ, ടൈറ്റൻ ഐഎക്സ് 2.0, ഫാസ്റ്റ്ട്രാക്ക് വൈബ്സ് 2.0 എന്നിങ്ങനെ അഞ്ച് പുതിയ ലെൻസുകളുടെ അവതരിപ്പിക്കുന്നതായി ടൈറ്റൻ ഐകെയർ പ്രഖ്യാപിച്ചു. ഉപഭോക്താക്കളുടെ മാറുന്ന ആവശ്യങ്ങൾക്കനുസൃതമായി ലോകോത്തര ഐവെയറുകൾ അവതരിപ്പിക്കാനുള്ള ടൈറ്റൻ ഐകെയറിൻറെ പ്രതിബദ്ധതയാണ് പുതിയ ലെൻസുകളുടെ അവതരണങ്ങളിലൂടെ തെളിഞ്ഞു കാണുന്നത്.മനോഹരമായി സൂക്ഷ്മതയോടെ രൂപകൽപന ചെയ്ത സെഫർ എന്ന പുതിയ ബ്രാൻഡ് ആഡംബരത്തിൻറെ പര്യായമായി സൃഷ്ടിച്ചതാണ്. പ്രീമിയം ക്രാഫ്റ്റ്മാൻഷിപ്പും ലൈറ്റ് വെയ്റ്റും ഇഷ്ടപ്പെടുന്ന ഉപഭോക്താക്കളെയാണ് ഈ ശേഖരം ലക്ഷ്യമിടുന്നത്. ഫ്രാൻസിൽ നിർമ്മിച്ച ഈ ഉത്പന്നങ്ങൾക്ക് 34,000 രൂപ മുതലാണ് വില. തുടക്കത്തിൽ തിരഞ്ഞെടുത്ത സ്റ്റോറുകളിലാണ് സെഫർ ശ്രേണി ലഭിക്കുക.ഇതിനു പുറമെ ഡ്രൈവ് ഈസ്, നിയോ സിങ്ക് എന്നീ രണ്ടു പുതിയ ലെൻസുകൾ കൂടി ടൈറ്റൻ ഐ കെയർ അവതരിപ്പിച്ചിട്ടുണ്ട്. രാത്രികാല ഡ്രൈവിങ് ലെൻസ് വിഭാഗത്തിലെ വിടവുകൾ നികത്താനാണ് ഡ്രൈവ് ഈസ് ലക്ഷ്യമിടുന്നത്. ഉപഭോക്താക്കൾക്ക് തന്ത്രപരമായ സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള ടൈറ്റൻ ഐകെയറിൻറെ പ്രതിബദ്ധതയും ഇവിടെ കാണാം. ഇതോടൊപ്പം നിയോ സിങ്ക് എന്ന പേരിലുള്ള പുതിയ ശേഖരവും കമ്പനി അവതരിപ്പിക്കുന്നുണ്ട്. 25,000 രൂപ വില നിലവാരത്തിലാണ് സാങ്കേതികവിദ്യയും താങ്ങാനാവുന്ന നിലവാരവും കോർത്തിണക്കി ഇത് ലഭ്യമാക്കുന്നത്. സൗകര്യവും മികച്ച കാഴ്ചയും ഇവിടെ കോർത്തിണക്കുകയാണ്.കണ്ണട വ്യവസായ രംഗത്തെ പുനർ നിർണയം ചെയ്യുന്നതിൽ തങ്ങൾക്കുള്ള അചഞ്ചലമായ പ്രതിബദ്ധതയാണ് കഴിഞ്ഞ 15 വർഷത്തെ തങ്ങളുടെ യാത്രയിലൂടെ എടുത്തു കാട്ടിയതെന്ന് ടൈറ്റൻ കമ്പനി ഐ വെയർ സിഇഒ സൗമെൻ ഭൗമിക് പറഞ്ഞു. സെഫർ, നിയോ സിങ്ക്, ഡ്രൈവ് ഈസ്, ജെൻ 2 എന്നീ സ്മാർട്ട് ഗ്ലാസുകൾ ലെൻസ്, ഫ്രെയിം മേഖലയിലെ ഉയർന്ന് വരുന്ന ആവശ്യം നിറവേറ്റാനുള്ള തങ്ങളുടെ തന്ത്രപരമായ സമീപനം കൂടിയാണെന്നും അദ്ദേഹം പറഞ്ഞു.സ്മാർട്ട് ഗ്ലാസ് രംഗത്തെ



മുൻനിരക്കാരായ ടൈറ്റൻ തങ്ങളുടെ ടൈറ്റൻ ഐഎക്സ് 2.0യും ഫാസ്റ്റ്ട്രാക്ക് വൈബ്സ് 2.0യും അവതരിപ്പിച്ചു കൊണ്ട് സ്മാർട്ട് ഐഗ്ലാസ് രംഗത്ത് വിപ്ലവം സൃഷ്ടിക്കുകയാണ്. ഏറ്റവും പുതിയ ബ്ലൂടൂത്ത് വി5, ഗൂഗിൾ അസിസ്റ്റൻറുമായുള്ള തടസമില്ലാത്ത സംയോജനം, മികച്ച ടച്ച് കണ്ട്രോളുകൾ എന്നിവ വഴി യഥാർത്ഥ ഹാൻഡ് ഫ്രീ അനുഭവങ്ങളാണ് ഇവ കോളുകൾ, സംഗീതം, ബുദ്ധിമുട്ടില്ലാത്ത നാവിഗേഷൻ എന്നിവയ്ക്കായി നൽകുന്നത്.അതുല്യമായ ശബ്ദനിലവാരം, സൗകര്യപ്രദമായ ഫിറ്റ്, ഓപൺ ഇയർ സ്പീക്കറുകൾ, ടച്ച് കണ്ട്രോളുകൾ, ഹെൽത്ത് ട്രാക്കിങ് ആപ് എന്നിവയുമായാണ് ഐഎക്സ് 2.0 എത്തുന്നത്. ബ്ലൂടൂത്ത് 5.3, ഹൈ റെസല്യൂഷൻ ഓഡിയോ, വാട്ടർ റെസിസ്റ്റൻസ്, ഒരാഴ്ച നീളുന്ന ബാറ്ററി ലൈഫ് തുടങ്ങിയ സൗകര്യങ്ങളുമുണ്ട്. മികച്ച ഓപൺ എയർ ശബ്ദവുമായാണ് ഫാസ്റ്റ്ട്രാക്ക് വൈബ്സ് എത്തുന്നത്. 360 ഡിഗ്രി ക്ലാരിറ്റി, ദീർഘിപ്പിച്ച നാലു മണിക്കൂർ ബാറ്ററി, വർക്ക് ഔട്ടിനായുള്ള ഐപിഎക്സ്4 വാട്ടർ റെസിസ്റ്റൻസ് എന്നിവ ഇതിന്റെ മറ്റു സവിശേഷതകളാണ്.ഇന്ത്യയിലെ സംഘടിത ഐ വെയർ വിപണി ക്രമമായ വളർച്ചയിലാണ്. ഇപ്പോൾ 15,000 കോടി രൂപയിലേറെ മൂല്യമാണ് ഇതിനു കണക്കാക്കുന്നത്. പ്രീമിയം, ഇന്നൊവേറ്റീവ് ഐ വെയർ വിഭാഗത്തിലെ ഉയർന്നു വരുന്ന ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള തന്ത്രപരമായ നീക്കങ്ങളാണ് ടൈറ്റൻ ഐകെയർ ഡിവിഷൻ നടത്തുന്നത്.

# ബജാജ് ഫിനാൻസ് സ്ഥിരനിക്ഷേപങ്ങൾ 50,000 കോടി കവിഞ്ഞു

**കൊച്ചി:** രാജ്യത്തെ പ്രമുഖ ബാങ്കിംഗ് ഇതര ഫിനാൻഷ്യൽ കമ്പനികളിലൊന്നായ (എൻബിഎഫ്സി) ബജാജ് ഫിൻസെർവിന്റെ ഭാഗമായ ബജാജ് ഫിനാൻസിന്റെ സ്ഥിരനിക്ഷേപങ്ങൾ 50,000 കോടി രൂപ കടന്നതായി കമ്പനി വാർത്താക്കുറിപ്പിൽ അറിയിച്ചു. നിലവിൽ കമ്പനിയിൽ അഞ്ചു ലക്ഷത്തോളം നിക്ഷേപകരു്. ഇവരിൽ ഓരോരുത്തർക്കും ശരാശരി 2.87 എണ്ണം നിക്ഷേപങ്ങളു്. ഇങ്ങനെ മൊത്തം 15 ലക്ഷം എണ്ണം നിക്ഷേപങ്ങളാണ് കമ്പനിയിലുള്ളത്. ദീർഘകാല നിക്ഷേപങ്ങൾക്ക് ക്രിസിൽ, ഇക്ര, കെയർ, ഇന്ത്യാ റേറ്റിംഗ്സ് എന്നിവയിൽ നിന്ന് ബജാജ് ഫിനാൻസിന് എഎഎ/സ്റ്റേബിൾ എന്നിങ്ങനെയും ഹ്രസ്വകാല നിക്ഷേപങ്ങൾക്ക് ക്രിസിൽ, ഇക്ര, ഇന്ത്യ റേറ്റിംഗ്സ് എന്നിവയിൽ നിന്ന് എ+ എന്നിങ്ങനെയും സ്ഥിരനിക്ഷേപങ്ങൾക്ക് ക്രിസിൽ, ഇക്ര എന്നിവയിൽ നിന്ന് എഎഎ/സ്റ്റേബിൾ എന്നിങ്ങനെയും ഏറ്റവും ഉയർന്ന ക്രെഡിറ്റ് റേറ്റിംഗുകളു്.ആകർഷകമായ പലിശ നിരക്കിലാണ് തങ്ങൾ ദീർഘകാല നിക്ഷേപങ്ങൾ സ്വീകരിക്കുന്നതെന്ന് ബജാജ് ഫിനാൻസിന്റെ ഫിക്സഡ് ഡെപ്പോസിറ്റ്സ് ആൻഡ് ഇൻവെസ്റ്റ്മെന്റ്സ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സച്ചിൻ സിക്ക പറഞ്ഞു. തങ്ങളുടെ സ്ഥിരനിക്ഷേപങ്ങൾ കഴിഞ്ഞ രു വർഷത്തിനിടെ രു മടങ്ങായി വർധിച്ചത് നിക്ഷേപകർക്ക് തങ്ങളിലുള്ള ഉയർന്ന വിശ്വാസത്തിന്റെ പ്രതിഫലനമാണെന്നും അദ്ദേഹം പറഞ്ഞു. 44 മാസത്തെ നിക്ഷേപങ്ങൾക്ക് മുതിർന്ന പൗരന്മാർക്ക് 8.60%, മറ്റുള്ളവർക്ക് 8.35% എന്നിങ്ങനെ നൽകുന്ന പലിശനിരക്കുകൾ ഈ വിഭാഗത്തിലെ ഏറ്റവും ഉയർന്നവയാണ്. കഴിഞ്ഞ 10 വർഷത്തിനിടെ കമ്പനിയിലെ നിക്ഷേപം 60% വാർഷിക സഞ്ചിത വളർച്ചാ നിരക്ക് (സിഎജിആർ) കാണിച്ചു. 12 മാസത്തിന് 7.40%, 24 മാസത്തിന് 7.55%, 36 മുതൽ 60 മാസത്തിന് 8.05% എന്നിങ്ങനെയാണ് കമ്പനി നൽകുന്ന പലിശനിരക്കുകൾ. മുതിർന്ന പൗരന്മാർക്ക് 0.25% അധിക പലിശയും നൽകി വരുന്നു.

# റിലയൻസിന്റെ പുതിയ യൂത്ത് ഫാഷൻ റീട്ടെയിൽ ബ്രാൻഡ് യൂസ്റ്റാ




**കൊച്ചി:**ഇന്ത്യയിലെ ഏറ്റവും വലിയ റീട്ടെയ്ലറായ റിലയൻസ് റീട്ടെയ്ൽ യൂസ്റ്റാ എന്ന, യുവാക്കളെ കേന്ദ്രീകരിച്ചുള്ള പുതിയ ഫാഷൻ ബ്രാൻഡ് ആരംഭിച്ചു. ഹൈദരാബാദിലെ ശരത് സിറ്റി മാളിൽ യുസ്റ്റായുടെ ആദ്യ സ്റ്റോർ തുറന്നു.യുവ ഉപഭോക്താക്കളെ ലക്ഷ്യമിട്ട് താങ്ങാനാവുന്ന വിലയിലാണ് യൂസ്റ്റായിലെ ഉത്പ്പന്നങ്ങൾ ഒരുക്കിയിരിക്കുന്നത്. ഉദാഹരണത്തിന് എല്ലാ ഉൽപ്പന്നങ്ങൾക്കും, 999, രൂപയിൽ താഴെയാണ് വില , ഭൂരിഭാഗവും 499 രൂപയിൽ താഴെയാണ്.ഈ രാജ്യത്തെ യുവാക്കൾക്കൊപ്പം വളരുകയും വികസിക്കുകയും ഒരു യുവ, ചലനാത്മക ബ്രാൻഡാണ് യൂസ്റ്റായെന്ന് റിലയൻസ് റീട്ടെയിൽ ഫാഷൻ ആൻഡ് ലൈഫ് സ്റ്റൈൽ പ്രസിഡന്റും സിഇഒയുമായ അഖിലേഷ് പ്രസാദ് പറഞ്ഞു. മാറിക്കൊണ്ടിരിക്കുന്ന ഫാഷൻ ആവശ്യങ്ങൾ മനസിലാക്കാൻ ഞങ്ങളുടെ ടീം ഇന്ത്യയിലെ യുവതലമുറയ്ക്കൊപ്പം തുടർച്ചയായി പ്രവർത്തിക്കുമെന്നും അഖിലേഷ് പ്രസാദ് പറഞ്ഞു,വിവരങ്ങൾ പങ്കിടുന്നതിനുള്ള ക്യൂആർ സ്ക്രീനുകൾ, സെൽഫ് ചെക്കൗട്ട് കൗണ്ടറുകൾ, കോംപ്ലിമെന്ററി വൈഫൈ, ചാർജിംഗ് സ്റ്റേഷനുകൾ എന്നിവയുൾപ്പെടെ നിരവധി ടെക് ടച്ച് പോയിന്റുകൾ യൂസ്റ്റാ സ്റ്റോറുകളിൽ ലഭിക്കും.യൂസ്റ്റാ ശ്രേണി അജിയോ, ജിയോമാർട്ട് എന്നിവയിലൂടെ ഓൺലൈനായും ലഭിക്കും.

# ഏകജാലക ഫിനാൻഷ്യൽ പ്ലാറ്റ്ഫോമിന് തുടക്കം കുറിച്ച് മുത്തൂറ്റ് ഫിൻകോർപ്പ്

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ ഫ് ളാഗ്ഷിപ്പ് കമ്പനിയായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് വായ്പയും നിക്ഷേപവും പരിരക്ഷയും പേയ്മെൻറുകളും ആപ്പിലൂടെ നൽകുന്നതിനായി മുത്തൂറ്റ് ഫിൻകോർപ്പ് വൺ ഡിജിറ്റൽ പ്ലാറ്റ്ഫോമിന് തുടക്കം കുറിച്ചു.എംഎസ്എംഇ, ഗോൾഡ് ലോണുകൾ ഉൾപ്പെടുന്ന സാമ്പത്തിക സേവനങ്ങളുടെ നിര മുത്തൂറ്റ് ഫിൻകോർപ്പ് വൺ വാഗ്ദാനം ചെയ്യുന്നു. കൂടാതെ, മുത്തൂറ്റ് ഫിൻകോർപ്പ് വൺ ഡിജിറ്റൽ ഗോൾഡ്, എൻസിഡികൾ തുടങ്ങിയ നിക്ഷേപ ഉൽപ്പന്നങ്ങളും വാഗ്ദാനം ചെയ്യുന്നു. ഫോറെക്സ് സേവനങ്ങളിൽ മൾട്ടികറൻസി കാർഡുകൾ, പണമിടപാടുകൾ, ഇൻറർനാഷണൽ ട്രാൻസ്ഫറുകൾ എന്നിവ ഉൾപ്പെടുമ്പോൾ ഒന്നിലധികം ഉപയോഗങ്ങൾക്കായുള്ള യൂട്ടിലിറ്റി, ലോൺ പേയ്മെൻറുകൾ എന്നിവയെയും ആപ്പ് പിന്തുണയ്ക്കുന്നു. താമസിയാതെ, എല്ലാത്തരം ജനറൽ, മെഡിക്കൽ ഇൻഷുറൻസ് ആവശ്യങ്ങൾക്കും ഇൻഷുറൻസ് ലഭ്യമാക്കുന്നതിനും പ്ലാറ്റ്ഫോം ഉപയോക്താക്കളെ സഹായിക്കുമെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് വൺ സിഇഒ ചന്ദൻ ഖൈത്താൻ പറഞ്ഞു.വായ്പ നൽകുന്നതും ഇൻഷുറൻസിലുള്ള നിക്ഷേപവും മുതൽ പേയ്മെന്റുകളും പണമയയ്ക്കലും വരെയുള്ള സാമ്പത്തിക സേവനങ്ങളുടെ സമഗ്രമായ സ്യൂട്ട് ഒരുമിച്ച് കൊണ്ടുവരുന്ന ഏക ജാലക സാമ്പത്തിക പ്ലാറ്റ്ഫോമായ മുത്തൂറ്റ് ഫിൻകോർപ്പ് വൺ അവതരിപ്പിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ട്. ഈ സാമ്പത്തിക വർഷാവസാനത്തോടെ 10 ദശലക്ഷത്തിലധികം ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്ന് ചന്ദൻ ഖൈത്താൻ, സിഇഒ, മുത്തൂറ്റ് ഫിൻകോർപ്പ് വൺ പറഞ്ഞു.മുത്തൂറ്റ് ഫിൻകോർപ്പിന്റെ 4500ലധികം ഫിസിക്കൽ ശാഖകളുമായി ഈ ആപ്പിനെ സുഗമമായി സംയോജിപ്പിക്കുന്ന ഒരു ഫിജിറ്റൽ മോഡലിൽ മുത്തൂറ്റ് ഫിൻകോർപ്പ് വൺ ഒപ്റ്റിമൈസ് ചെയ്യുന്നു. ഉപഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകുന്ന തങ്ങളുടെ പ്ലാറ്റ്ഫോം എല്ലാ പങ്കാളികളുമായും തടസ്സങ്ങളില്ലാതെ ബന്ധിപ്പിക്കുന്നു. നിർമ്മിത ബുദ്ധിയുടെയും മെഷീൻ ലേണിംഗിന്റെയും നൂതനമായ മോഡലുകൾ ഉപയോഗിച്ച്, എല്ലായ്പ്പോഴും സൈബർ പ്രതിരോധം ഉറപ്പാക്കുന്ന, ശക്തമായ ഡാറ്റാ അനലിറ്റിക്സ്, ഡാറ്റാ സയൻസ് എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ പ്ലാറ്റ്ഫോമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.മുത്തൂറ്റ് ഫിൻകോർപ്പ് വണ്ണിൻറെ സമാരംഭം തങ്ങളുടെ ഒരു പ്രധാന നാഴികക്കല്ലിനെ സൂചിപ്പിക്കുന്നുവെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ തോമസ് ജോൺ മുത്തൂറ്റ് പറഞ്ഞു.

# ഇൻഫോപാർക്ക് ക്യാംപസുകളിൽ വിപുലമായ ഓണാഘോഷം



**കൊച്ചി:** ഇൻഫോപാർക്കിൽ ഓണാഘോഷം കെങ്കേമമാക്കി ടെക്കികൾ. വിവിധ കാംപസുകളിൽ നടന്ന ഓണാഘോഷത്തിൽ ഇൻഫോപാർക്കിലെ ജീവനക്കാരും പ്രമുഖ വ്യക്തികളും പങ്കെടുത്തു. പുലികളിയും തെയ്യവും ചെണ്ടമേളവുമെല്ലാം ഉൾപ്പെടുത്തിയ ഘോഷയാത്രയും കലാപരിപാടികളും ഉൾപ്പടെ വൻ ആഘോഷ പരിപാടികളാണ് ഇൻഫോപാർക്കിൽ സംഘടിപ്പിച്ചത്. തിരുവാതിര, വടംവലി തുടങ്ങിയ പരിപാടികളും ഓണസദ്യയും ആഘോഷത്തിന്റെ ഭാഗമായി നടന്നു. കൊച്ചി കാക്കനാട് ഇൻഫോപാർക്കിൽ നടന്ന ഓണാഘോഷം ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ഇൻഫോപാർക്കിലെ നവീകരിച്ച അതുല്യ ഓഡിറ്റോറിയവും അദ്ദേഹം ഉദ്ഘാടനം ചെയ്തു. 234 പേർക്കിരിക്കാവുന്ന ഓഡിറ്റോറിയത്തിലാണ് ഓണപ്പരിപാടികൾ നടന്നത്. ഐ ടി ജീവനക്കാരുടെ കൂട്ടായ്മയായ പ്രോഗ്രസീവ് ടെക്കീസും ഇൻഫോപാർക്കും ചേർന്ന് നടത്തിയ 'ഓണം മാസ് ഓണം' ഓണാഘോഷം ടെക്കികളുടെ ഓണാരവം വിളിച്ചോതുന്നതായി. നടൻ സിജു വിൽസൺ മുഖ്യാതിഥിയായി പരിപാടിയിൽ പങ്കെടുത്തു. ഐ ടി ജീവനക്കാരുടെ കൂട്ടായ്മയായ പ്രതിധ്വനി സംഘിടിപ്പിച്ച വടംവലി മത്സരവും നടന്നു. നടി മാളവിക ശ്രീനാഥ് വിജയിലേക്ക് സമ്മാനങ്ങൾ കൈമാറി.ആർപ്പോ ഇൻഫോ എന്ന പേരിൽ കലൂരിലെ ഇൻഫോപാർക്ക് ടെക്നോളജി ബിസിനസ് സെന്ററിലെ ഐ ടി കമ്പനികൾ നടത്തിയ ഓണാഘോഷത്തിൽ എറണാകുളം എം.പി ഹൈബി ഈഡനും ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിലും ചേർന്ന് ഭദ്രദീപം കൊളുത്തി തുടക്കമിട്ടു. ചെണ്ടമേളം, തിരുവാതിര, വടംവലി, ഡാൻസ്, പാട്ട് മത്സരങ്ങൾ തുടങ്ങിയവയും നടന്നു. ഇൻഫോപാർക്ക് തൃശൂരിലും ഇൻഫോപാർക്ക് ചേർത്തലയിലും ഓണാഘോഷത്തിന്റെ ഭാഗമായി പൂക്കളം, ഓണപ്പാട്ട്, ഉറിയടി, മലയാളിമങ്ക, വടംവലി തുടങ്ങിയ മത്സര പരിപാടികൾ സംഘടിപ്പിച്ചു. ഇൻഫോപാർക്ക് ചേർത്തലയിൽ ഓണാഘോഷത്തിന്റെ ഭാഗമായി ചേന്നംപള്ളിപ്പുറം പഞ്ചായത്തിന് കീഴിലുള്ള പാലിയേറ്റീവ് കെയർ സെന്ററിലെ നൂറുപേർക്കുള്ള ഓണസദ്യയ്ക്ക് ആവശ്യമായ തുക കമ്പനികൾ പഞ്ചായത്ത് പ്രസിഡന്റ് പി.എസ് സുധീഷിന് കൈമാറി. ചടങ്ങിൽ അരൂർ എം എൽ എ ദലീമ ജോജോ മുഖ്യാതിഥിയായി പങ്കെടുത്തു. കൊരട്ടിയിലുള്ള ഇൻഫോപാർക്ക് തൃശ്ശൂരിൽ നടന്ന ടെക്കി ഓണം ആഘോഷങ്ങളിൽ കമ്പനികളും ജീവനക്കാരും പങ്കെടുത്തു. കൊരട്ടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി സി ബിജു, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ കെ ആർ സുമേഷ് എന്നിവർ വിജയികൾക്ക് സമ്മാനങ്ങൾ കൈമാറി.

# ഐക്രിയേറ്റ് ഇലക്ട്രിക്ക് വാഹന ബോധവൽക്കരണ റോഡ് ഷോ സംഘടിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ടെക്ഇന്നവേഷൻ അധിഷ്ഠിത സ്റ്റാർട്ടപ്പ് ഇൻകുബേറ്ററായ ഐക്രിയേറ്റ് (ഇന്റർനാഷണൽ സെന്റർ ഫോർ എന്റർപ്രണർഷിപ്പ് ആൻഡ് ടെക്നോളജി), എസ് സി എം എസ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, അമൽ ജ്യോതി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കേരള സ്റ്റാർട്ട് അപ്പ് മിഷൻ, മേക്കേഴ്സ് വില്ലേജ് എന്നിവയുമായി സഹകരിച്ച് കൊച്ചിയിലും കോട്ടയത്തും ഇവാൻജലിസ് '23 റോഡ്ഷോകൾ നടത്തി. രാജ്യത്തെ പ്രമുഖ കോളേജുകളിലെ വിദ്യാർത്ഥികൾക്കിടയിൽ ഇ വി വ്യവസായത്തെക്കുറിച്ചുള്ള ബോധവൽക്കരണവും അതിന്റെ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് റോഡ് ഷോ സംഘടിപ്പിച്ചത്. എസ്സിഎംഎസ് സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയിൽ നടന്ന പരിപാടിയിൽ ട്രക്ക്ടെക് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എം ഡി ശ്രീകാന്ത് പത്മരാജൻ, എ ഈ വിഭാഗം എച്ച്.ഓ.ഡി ഡോ. ജെൻസൺ ജോസഫ്, എസ്സിഎംഎസ് പ്രിൻസിപ്പൽ ഡോ. അനിത ജി പിള്ള, എ ഈ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. മനോജ് കുമാർ ബി എന്നിവർ പങ്കെടുത്തു. അമൽ ജ്യോതി കോളേജ് ഓഫ് എൻജിനീയറിങ്ങിൽ നടന്ന പരിപാടിയിൽ മാനേജർ ഡോ. മാത്യു പൈക്കാട്ട്, പ്രിൻസിപ്പൽ ഡോ. ലില്ലിക്കുട്ടി ജേക്കബ്, മേക്കർഹബ് ഐഇഡിസി നോഡൽ ഓഫീസർ പ്രൊഫ. എബി വർഗീസ്, സ്റ്റാർട്ടപ്സ് വാലി ടിബിഐ സിഇഒ ഷെറിൻ സാം ജോസ് എന്നിവർ പങ്കെടുത്തു. കെഎസ്യുഎം & മേക്കേഴ്സ് വില്ലേജുമായി സഹകരിച്ച് സംരംഭകത്വ നൈപുണ്യത്തിന്റെ പ്രാധാന്യം, പ്രത്യേകിച്ച് ഇന്ത്യയിലെ അതിവേഗം വളരുന്ന ഇലക്ട്രിക് വാഹന (ഇവി) വ്യവസായത്തിൽ ഒരു നെറ്റ്വർക്കിംഗ് സെഷനും സംഘടിപ്പിച്ചു.ഇവാൻജലിസ് '23 ഇന്നൊവേഷൻ ചലഞ്ച് സ്റ്റാർട്ടപ്പുകൾ, ഗവേഷകർ, വ്യവസായ പ്രൊഫഷണലുകൾ, ഇന്ത്യയിലുടനീളമുള്ള സർക്കാർ പ്രതിനിധികൾ എന്നിവരുൾപ്പെടെ ഇലക്ട്രിക് മൊബിലിറ്റിയിൽ താൽപ്പര്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി തുറന്നിരിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് https://www.evangelise.org.in/. എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം. ഇവാൻജലിസ് '23ലേക്കുള്ള അപേക്ഷകൾ 2023 സെപ്റ്റംബർ 24 ന് അവസാനിക്കും.

# ഓണാഘോഷങ്ങളിൽ ബദാം വിഭവങ്ങൾക്കും പ്രിയം



**കൊച്ചി:** ഓണാഘോഷ വേളയിൽ ബദാം ഉപയോഗിച്ചുള്ള വിഭവങ്ങൾക്കും പ്രിയമേറുന്നു. ഓണ സദ്യയുടെ ഭാഗമായി മാറുന്ന നിരവധി രുചികരമായ വിഭവങ്ങളുടെ കൂട്ടത്തിൽ ബദാമുകളെ അടിസ്ഥാനമാക്കിയുള്ള രുചിക്കൂട്ടുകൾക്കും പ്രത്യേക സ്ഥാനമുണ്ട്. ആരോഗ്യം, രുചി, ഉത്സവത്തിന്റെ ഉണർവ് എന്നിവയുടെ ഒരു സമ്മേളനമാണ് ബദാം വാഗ്ദാനം ചെയ്യുന്നത്. പോഷകങ്ങളുടേയും വൈവിധ്യതയുടേയും പേരിൽ ഏറെ വിലമതിക്കപ്പെടുന്ന ബദാമുകൾ ഏറെക്കാലമായി ഇന്ത്യൻ ഭക്ഷണങ്ങളിലെ പതിവ് രുചിക്കൂട്ടുകളിൽ ഒന്നാണ്. അവയുടെ സമ്പന്നമായ രുചി ബർഫി പോലുള്ള മധുര പലഹാരങ്ങളിലും, രുചിയും മണവുമുള്ള ഭക്ഷണ പദാർഥങ്ങളിലും സന്തോഷത്തോടെ കൂട്ടിച്ചേർക്കാൻ പറ്റുന്ന ഒന്നാക്കി ബദാമിനെ മാറ്റുകയും, ഓണത്തിന്റെ അനുഭവത്തെ പുതിയ തലങ്ങളിലേക്ക് ഉയർത്തുകയും ചെയ്യുന്നു. ദിവസേന ബദാമുകൾ കഴിക്കുന്നത് ഹൃദയത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്താൻ സഹായിക്കുകയും ശരീരഭാരവും ടൈപ്പ്2 പ്രമേഹവും പരിപാലിക്കാൻ സഹായിക്കുകയും ചെയ്യുമെന്ന് നേരത്തെ നിരവധി പഠനങ്ങൾ വെളിപ്പെടുത്തിയിരുന്നു. ഇതിനു പുറമേ, വൈറ്റമിൻ ബി2, വൈറ്റമിൻ ഇ, മഗ്നീഷ്യം, ഫോസ്ഫറസ് എന്നിവയും ബദാമുകളിൽ ധാരാളമുണ്ട്.

# മെഗാ ഡെലിവറിയുമായി ഫോക്സ് വാഗൺ



**കൊച്ചി:** ഓണത്തോടനുബന്ധിച്ച് ഫോക്സ്വാഗൺ ഇന്ത്യ കേരളത്തിൽ 150 ഫോക്സ്വാഗൺ കാറുകൾ വിതരണം ചെയ്തു. ഇതിൽ ആഗോള വാഹന സുരക്ഷാ മാനദണ്ഡമായ ഗ്ലോബ എൻക്യാപ് സുരക്ഷയിൽ ഫൈവ് സ്റ്റാർ സേഫ്റ്റി കിട്ടിയ വാഹനങ്ങളായ ഫോക്സ്വാഗൺ ടൈഗൂൺ, ഫോക്സ്വാഗൺ വെർടസ് എന്നിവയും ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ട ഫോക്സ്വാഗൺ ടിഗ്വാനും ഉൾപ്പെടുന്നു. ജർമ്മൻ എഞ്ചിനീയറിംഗ്, സമാനതകളില്ലാത്ത ഡ്രൈവിംഗ് അനുഭവം, സുരക്ഷയോടുള്ള പ്രതിബദ്ധത എന്നിവയെയാണ് കാണിക്കുന്നത്.പുതിയ കാർ മെഗാ ഡെലിവറിക്ക് പുറമേ കമ്പനി അതിൻറെ ദാസ് വെൽറ്റ്ഒട്ടോ (ഡിഡബ്ല്യുഎ) വിഭാഗത്തിൻറെ കീഴിൽ തിരഞ്ഞെടുത്ത 50 പ്രീഓൺഡ് കാറുകളും ഉപഭോക്താക്കൾക്ക് വിതരണം ചെയ്തു.

## മംഗല്യ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:**വനിത ശിശു വികസന വകുപ്പ് മുഖേന മുൻഗണനാ വിഭാഗത്തിൽപ്പെട്ട സാധുക്കളായ വിധവകൾക്കും നിയമപരമായി വിവാഹ മോചനം നേടിയവർക്കും പുനർവിവാഹത്തിന് ധന സഹായം നൽകുന്ന മംഗല്യ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. 25000 രൂപയാണ് മംഗല്യ പദ്ധതിയിലൂടെ ലഭിക്കുക. 18 നും 50 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് സമീപത്തുള്ള ശിശു വികസന പദ്ധതി ഓഫീസുമായി ബന്ധപ്പെടാം.ഫോൺ : 0484 2952949

# വൈദ്യുതി സ്മാർട്ട് മീറ്റർ സ്ഥാപിക്കും; ടോട്ടെക്സ് മാതൃക ഒഴിവാക്കും

**തിരുവനന്തപുരം:** സാധാരണക്കാർക്ക് ദോഷകരമാവാതെ വൈദ്യുതി സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചു. കേന്ദ്രം നിർദ്ദേശിച്ചതിൽ നിന്നും വ്യത്യസ്തമായി ചെലവുകുറച്ച് പദ്ധതി നടപ്പാക്കാനുള്ള സാധ്യതയാണ് പരിശോധിക്കുന്നത്. ടോട്ടെക്സ് മാതൃക ഒഴിവാക്കും.സ്മാർട്ട് മീറ്ററിന്റെ വില, ഹെഡ് എൻഡ് സിസ്റ്റം, മീറ്റർ ഡാറ്റാ മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ സിസ്റ്റം, ക്ലൗഡ് സ്റ്റോറേജ് ചാർജ്ജുകൾ, മറ്റ് സോഫ്റ്റ് വെയർ ടെസ്റ്റിംഗിനും സൈബർ സെക്യൂരിറ്റിക്കുമുള്ള ചാർജ്ജുകൾ, 93 മാസത്തേക്കുള്ള ഓപ്പറേഷൻ ആൻഡ് മെയ്ൻറനൻസ് ചാർജ്ജുകൾ എന്നിവ ഉൾപ്പെടുന്നതാണ് ടോട്ടെക്സ് മാതൃക. ഇതിനായി ചെലവഴിക്കുന്ന തുക 93 പ്രതിമാസ തവണകളായി ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാനാണ് കേന്ദ്രസർക്കാർ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നിശ്ചിത കാലയളവിൽ പരിപാലനവും പ്രവർത്തനവും ഏജൻസിയെ ഏൽപ്പിക്കുന്ന ഈ മാതൃക നടപ്പാക്കുന്നതിതോട് സംസ്ഥാനത്തെ തൊഴിലാളി സംഘടനകൾ ഉൾപ്പെടെ വിയോജിച്ചിരുന്നു.പുതിയ സംവിധാനത്തിൽ ബില്ലിംഗ്, അനുബന്ധ സേവനങ്ങൾ എന്നിവയ്ക്കുള്ള സോഫ്റ്റ് വെയർ കെഎസ്ഇബിതന്നെ രൂപപ്പെടുത്തും. കെഫോൺ വന്നതോടെ കെഎസ്ഇബിക്ക് സൗജന്യമായി നൽകിയ ഫൈബർ ഒപ്റ്റിക്ക് കേബിൾ ഉപയോഗിച്ച് വിവര വിനിമയം നടത്തും. കെഎസ്ഇബി ഡാറ്റ സെന്റർ ഉപയോഗിച്ച് ഡാറ്റ സ്റ്റോറേജും നടത്താവുന്നതാണ്. പഴയ മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന ജോലി കെ.എസ്.ഇ.ബി ജീവനക്കാർ തന്നെ നടത്തും. കെ.എസ്.ഇ.ബിയുടെ നിലവിലുള്ള എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ ഘടിപ്പിക്കില്ല. ആദ്യഘട്ടം എന്ന നിലയിൽ വ്യവസായവാണിജ്യ ഉപയോക്താക്കൾക്കാണ് സംവിധാനം ഏർപ്പെടുത്തുക. മൂന്ന് ലക്ഷത്തിൽ താഴെ പേരെയാണ് ഈ സംവിധാനത്തിന്റെ ഭാഗമാക്കുക. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും കെഎസ്ഇബിക്ക് ലഭിക്കാനുള്ള കുടിശ്ശിക ഈ വർഷം ഡിസംബറിനുള്ളിൽ നൽകാനാകുമോ എന്ന കാര്യം ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുമായി ആലോചിച്ച് തീരുമാനിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ട സാഹചര്യം ഒഴിവാക്കണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു. കേരളത്തിലെ ജലവൈദ്യുതി പദ്ധതികളിൽ നിന്ന് മാത്രം ആവശ്യമായ വൈദ്യുതി ഉൽപ്പാദനം സാധ്യമാകില്ലെന്ന് കണ്ട് വൈദ്യുതി കണ്ടെത്തുന്നതിന് പദ്ധതി തയ്യാറാക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.യോഗത്തിൽ വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി, ധനമന്ത്രി കെ എൻ ബാലഗോപാൽ, അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ ജ്യോതിലാൽ, കെഎസ്ഇബി ചെയർമാൻ രാജൻ ഖൊബ്രഗഡെ, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി രബീന്ദ്രകുമാർ അഗർവാൾ തുടങ്ങിയവർ സംസാരിച്ചു.



## മദർ തെരേസ ദിനം ആചരിച്ചു



**കൊച്ചി:** എറണാകുളം ജില്ലാ സാമൂഹിക നീതി ഓഫീസിന്റെ നേതൃത്വത്തിൽ മദർ തെരേസ ദിനാചരണം സംഘടിപ്പിച്ചു. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ നടന്ന പരിപാടി ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് ഉദ്ഘാടനം ചെയ്തു. ജീവിച്ചിരുന്ന കാലത്ത് അശരണർക്ക് താങ്ങും തണലുമായി പ്രവർത്തിച്ച മദർ തെരേസയുടെ ജീവിതം മാതൃകയാണെന്ന് പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് കളക്ടർ പറഞ്ഞു. അവരുടെ ജീവിതത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് നമുക്ക് എന്ത് ചെയ്യാൻ സാധിക്കും എന്ന് എപ്പോഴും ചിന്തിക്കണം. നമ്മുടെ പരിധിയിൽ നിന്ന് കഴിയുന്ന വിധത്തിൽ പ്രയാസങ്ങൾ അനുഭവിക്കുന്ന വിവിധ മേഖലകളിൽ ഉള്ളവരെ എങ്ങനെ സഹായിക്കാൻ സാധിക്കും എന്ന് ചിന്തിക്കണം. കഴിഞ്ഞകാലം അറിയുന്നവർക്കാണ് ഭാവി മികച്ച രീതിയിൽ നന്നാക്കാൻ സാധിക്കൂ. മുമ്പ് കടന്നുപോയവരുടെ ജീവിതത്തിലെ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ഓർമ്മദിവസമായി ആചരിക്കുമ്പോൾ അവർ ചെയ്ത കാര്യങ്ങൾ നമുക്കും പ്രചോദനമായി മാറുമെന്നും കളക്ടർ പറഞ്ഞു.ജീവകാരുണ്യത്തിൻറേയും സ്നേഹത്തിൻറേയും പ്രതീകമായ മദർ തെരേസയുടെ ജന്മദിനം അനാഥ ,അഗതി ദിനമായാണ് ആചരിക്കുന്നത്.

## ശാന്തിനികേതൻ കാഴ്ചകളുടെയും ഹാന്റ് സ്ക്രോളുകളുടെയും പ്രദർശനം ആരംഭിച്ചു




**കൊച്ചി:**കേരള ലളിതകലാ അക്കാദമി കൊൽക്കത്ത സെന്റർ ഫോർ ക്രിയേറ്റിവിറ്റിയും (KCC) രസ (ഞമമെ) ഗാലറിയുമായി ചേർന്ന് ആഗസ്റ്റ് 25 മുതൽ സെപ്തംബർ 25 വരെ എറണാകുളം ദർബാർ ഹാൾ കലാകേന്ദ്രത്തിൽ 'Scenes from Santhiniketan'Benode-beharis Hand Scrolls പ്രദർശനം സംഘടിപ്പിക്കുന്നു. കേരള ലളിതകലാ അക്കാദമി സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മേയർ അഡ്വ. എം. അനിൽകുമാർ പ്രദർശനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രദർശനത്തിന്റെ ക്യൂറേറ്ററും പ്രശസ്ത കലാചരിത്രകാരനുമായ പ്രൊഫ. ആർ. ശിവകുമാർ ക്യൂറേറ്റോറിയൽ നോട്ട് അവതരിപ്പിച്ചിച്ചു. രസ ഗാലറി ഡയറക്ടർ രാകേഷ് സാഹ്നി ,കേരള ലളിതകലാ അക്കാദമി നിർവ്വാഹക സമിതി അംഗം ടോം.ജെ. വട്ടക്കുഴി ,ജനറൽ കൗൺസിൽ അംഗം ജി. വിവേക് പ്രസംഗിച്ചു.ആഗസ്റ്റ് 25 മുതൽ സെപ്തംബർ 25 വരെയുള്ള ഒരു മാസക്കാലം നടക്കുന്ന പ്രദർശനത്തിനോടനുബന്ധിച്ച് നിരവധി പ്രഭാഷണ പരിപാടികളും വർക്ക്ഷോപ്പുകളും കേരള ലളിതകലാ അക്കാദമി സംഘടിപ്പിക്കുന്നു. ടെംപറ സങ്കേതത്തെക്കുറിച്ചുള്ള വർക്ക്ഷോപ്പുകളും പ്രഭാഷണങ്ങളും കുട്ടികൾക്കുള്ള വർക്ക്ഷോപ്പും ഈ പ്രദർശന കാലയളവിൽ സംഘടിപ്പിക്കുന്നു.

